بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 14

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഏപ്രിൽ 6/ഹി:ശം:1396 ശഹാദത്ത് 6/ഹി:ഖ: 1438 റജബ് 8

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 03-03-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാം പേജിൽവായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**വലിയവരായിരിക്കെ ചെറിയവരോടു കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവംകാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്വാ അഥവാ ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

വലിയവരായിരിക്കെ ചെറിയവരോടു കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവംകാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്വാ അഥവാ ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടി മാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടെ രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപ്പോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയക്കരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അത് അവനെ ഉന്മൂലനം ചെയ്യും. പ്രദർശനപരതകൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗം (പാതാളം)വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്ക് അവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ പ്രദർശനപരതയോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല."(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 12)

## വഖ്ഫെനൗവിനെ കുറിച്ച് അടിയന്തരവിളംബരം

അമീറുൽ മുഅ്മിനീന്റെ നിർദ്ദേശമനുസരിച്ച് ഇന്ത്യയിലെ വഖ്ഫെനൗ കുട്ടികളുടെ അനുമതി അടങ്ങിയ കത്തുകളും അവരുടെ രജിസ്റ്റർ നമ്പറുകളും ഇപ്പോൾ ലണ്ടനിൽനിന്ന് ഇന്ത്യയിലെ വഖ്ഫെനൗ വകുപ്പിലാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. തുടർന്ന് ഭാരതത്തിലെ വഖ്ഫെനൗ വകുപ്പ് ആ കത്തുകളും നമ്പറുകളും മാതാപിതാക്കൾക്ക് അയച്ചുകൊടുക്കുന്നു. അതുകൊണ്ട് തങ്ങളുടെ കുട്ടികളെ വഖ്ഫെനൗ പദ്ധതിയിൽ ചേർക്കാനാഗ്രഹിക്കുന്ന മാതാപിതാക്കൾ അവരുടെ അപേക്ഷ നേരിട്ട് അമീറുൽ മുഅ്മിനീന് പൂർണമായ വിലാസത്തോടുകൂടി ഫാക്സ് ചെയ്യുകയും ആ വിവരം ഫോൺ മുഖേനയോ ഇമെയിൽ മുഖേനയോ വഖ്ഫെനൗ ഭാരത ഓഫീസിൽ അറിയിക്കുകയും ചെയ്യുക. ലണ്ടനിൽനിന്ന് അനുമതി കിട്ടുന്ന കത്തുകളും അതിന്റെ രജിസ്റ്റർ നമ്പറും ഭാരതത്തിലെ വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾക്ക് അറിയിക്കുന്നതിനുവേണ്ടി നിങ്ങളുടെ ഇമെയിൽ ഐഡിയും മേൽവിലാസവും അയച്ചുതരിക. ഇപ്രകാരംതന്നെ നമ്പറുകൾ അയക്കുന്നതിനും കത്തിടപാടുകൾ നടത്തുന്നതിനും ഇന്ത്യയിലെ വഖ്ഫെനൗ വകുപ്പുമായി (നളാറത്തെ തഅ്ലീം) ബന്ധപ്പെടുക. ലണ്ടനിലെ വഖ്ഫെനൗ വകുപ്പിന് ഇമെയിൽ ഐഡിയിൽ നേരിട്ട് ഒരു മെയിലും അയക്കരുത്. എല്ലാ വഖ്ഫെനൗ സെക്രട്ടറിമാരും മാതാപിതാക്കളും ഈ നിർദ്ദേശം പാലിക്കേണ്ടതാണ്. കുട്ടി ജനിച്ചുകഴിഞ്ഞാൽ ഫോറം അയക്കുന്നതിൽ താമസം വരുത്തുന്നത് കുട്ടിയെ വഖ്ഫെനൗ പദ്ധതിയിൽ ചേർക്കുന്നതിന് തടസ്സമായേക്കാം. അതുകൊണ്ട് മാതാപിതാക്കൾ കുട്ടി ജനിച്ചയുടനെ രജിസ്റ്റർ നമ്പർ കിട്ടുന്നതിനുവേണ്ടി ഫോറം എത്രയും പെട്ടെന്ന് ഇന്ത്യയിലെ വഖ്ഫെനൗ വകുപ്പിന് താഴെ കാണുന്ന മേൽവിലാസത്തിലേക്ക് ഇമെയിൽ മുഖേന അയക്കുക.

Office Waqf-e-nau India (Nazarat Taeem)
Qadian 143 516. Dist. Gurudaspur, Punjab
Office: 01872- 500975 Mob: 9988891775
E-mail: qdnwaqfenau@gmail.com

**ഇൻചാർജ് വഖ്ഫെനൗ വകുപ്പ് ഭാരതം**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് അബൂഉബയ്ദഃ(റ)

ഹാഫിദ് മുസഫ്ഫർ അഹ്മദ്, ശാഹിദ്

**ഭാഗം മൂന്ന്**

തന്നെ പ്ലേഗിൽനിന്ന് രക്ഷിക്കാനാണ് മദീനയിലേക്ക് വിളിക്കുന്നതെന്ന് മനസ്സിലാക്കി അദ്ദേഹം പറഞ്ഞു: ‘ഇസ്‌ലാമിക സൈന്യത്തെ ഉപേക്ഷിച്ചു വരാൻ ഞാനിഷ്ടപ്പെടുന്നില്ല.’ അദ്ദേഹത്തോട് സൈന്യത്തെ ഏതെങ്കിലും തുറന്ന സ്ഥലത്ത് മാറ്റിപാർപ്പിക്കാൻ ഹദ്റത്ത് ഉമർ(റ)നിർദേശിച്ചു. അദ്ദേഹം അതു പാലിച്ചുകൊണ്ട് ജാബിയ്യഃയിലേക്ക് സൈന്യത്തെ മാറ്റി.

**രോഗവും ദേഹവിയോഗവും:**

ജാബിയ്യഃയിൽ അല്ലാഹുവിന്റെ വിധി വെളിപ്പെട്ടു. അത് ഹദ്റത്ത് അബൂഉബയ്ദഃ(റ) പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. (അദ്ദേഹം മദീനയിൽ പോകാതിരുന്നതും ഈ ദൈവവിധിയുടെ എന്തെങ്കിലും സൂചന ലഭിച്ചതുകൊണ്ടാകാം). ഹദ്റത്ത് അബൂഉബയ്ദഃ(റ) രോഗിയായപ്പോൾ ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നെ തന്റെ പ്രതിനിധിയായി അദ്ദേഹം നിശ്ചയിച്ചു. മുസ്‌ലീംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ‘ജനങ്ങളേ! പ്ലേഗിന്റെ പകർച്ച, യഥാർഥത്തിൽ നിങ്ങളുടെ രക്ഷിതാവിന്റെ കരുണയും നിങ്ങളുടെ നബിയുടെ ക്ഷണവുമാണ്.’ ഒരുപാട് പുണ്യാത്മാക്കൾ അതിൽ മരിച്ചിരുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ)യും ആ വീരമൃത്യുവിൽ -ശഹാദത്തിൽ തന്നെയും ഭാഗഭാക്കാക്കേണമേ എന്നാണ് തന്റെ രക്ഷിതാവിനോടു പ്രാർഥിച്ചിരുന്നത്. അങ്ങനെ അദ്ദേഹം അതിൽ വഫാത്താകുകയും ചെയ്തു.

രണാങ്കണത്തിൽ പോരാടി വീരമൃത്യു വരിക്കണമെന്ന ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സത്യസന്ധമായ ആഗ്രഹം അദ്ദേഹത്തിന്റെ 58-ാം വയസ്സിൽ ഇപ്രകാരം അല്ലാഹു പൂർത്തിയാക്കി.

അദ്ദേഹത്തിന്റെ വസ്വിയ്യത്തനുസരിച്ച് ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) ജനാസ നമസ്കരിപ്പിച്ചു. ആ സന്ദർഭത്തിൽ സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: ‘ഇന്ന് നിങ്ങളിൽനിന്ന് എങ്ങനെയുള്ള വ്യക്തിയാണ് വിടപറഞ്ഞതെന്നാൽ, അല്ലാഹുവാണ! ഇദ്ദേഹത്തെക്കാളധികം നിഷ്കളങ്കനും പരിശുദ്ധനും ഇനിയൊന്നും സാധിക്കാൻ ആഗ്രഹമില്ലാത്തവനും ലജ്ജാശീലനും ജനങ്ങളുടെ ഗുണകാംക്ഷിയുമായ ഒരു വ്യക്തിയേയും ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് എഴുന്നേല്ക്കുക അദ്ദേഹത്തിന് കാരുണ്യത്തിനായി പ്രാർഥിക്കുക.’

യഥാർഥത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ജീവിതം ലാളിത്യത്തിന്റേയും വിനയത്തിന്റേയും വണക്കത്തിന്റേയും വിശ്വസ്തതയുടേയും സത്യസന്ധതയുടേയും പ്രജാപരിപാലനത്തിന്റേയും മനോഹരമായ മാതൃകയായിരുന്നു.

**ലാളിത്യം:**

അദ്ദേഹത്തിന്റെ ലാളിത്യത്തിന്റേയും ഭൗതികതയോടുള്ള വിരക്തിയുടേയും ഒരു നേർകാഴ്ച ഹദ്റത്ത് ഉമർ(റ) സിറിയയിൽ പോയപ്പോൾ കാണുകയുണ്ടായി. ഇസ്‌ലാമിക സൈന്യത്തിന്റെ ഉന്നതാധികാരി ഹദ്റത്ത് അബൂഉബയ്ദഃ(റ) സാധാരണ വേഷത്തിൽ ഒട്ടകപ്പുറത്ത് യാത്രചെയ്ത് ഹദ്റത്ത് ഉമർ(റ)നെ സ്വീകരിക്കാൻ പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ) സിറിയൻകോട്ടുകളിൽ വിഭൂഷിതരായി വന്ന മറ്റു മുസ്‌ലിം ജേർണൽമാരെ കണ്ടപ്പോൾ (അവർ കാലത്തിന്റെ ഖലീഫയെ വരവേല്ക്കാനും ആദരിക്കാനും അണിഞ്ഞൊരുങ്ങി വന്നതായിരുന്നു) ഇവർ സമ്പന്നരെപ്പോലെ ആഢംബരജീവിതവും അനറബികളുടെ ശീലങ്ങളും അമിതവ്യയത്തിന്റെ സ്വഭാവങ്ങളും സ്വീകരിച്ചേക്കുമോ എന്ന ആശങ്കയാൽ അവരെ ഉപദേശിച്ചു. എന്നാൽ, അദ്ദേഹം ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ വീട്ടിൽ താമസിച്ചപ്പോൾ കാര്യങ്ങൾ തികച്ചും വിഭിന്നമായിരുന്നു. ഒരു വാളും പരിചയും ഒട്ടകത്തിന്റെ ജീനിയുമല്ലാതെ മറ്റൊന്നും അവിടെ കണ്ടില്ല. ഹദ്റത്ത് ഉമർ(റ) ചോദിച്ചു: ‘അബൂഉബയ്ദാ! കുറച്ചു വീട്ടു സാധനങ്ങളെങ്കിലും വാങ്ങിവെക്കാമായിരുന്നില്ലേ?’ ഹദ്റത്ത് അബൂഉബയ്ദഃ(റ) പറഞ്ഞു: ‘യാ അമീറുൽ മുഅ്മിനീൻ! നമുക്കിതു മതിയായതാണ്.’

**യോദ്ധാക്കളോടുള്ള പെരുമാറ്റം:**

അദ്ദേഹം തനിക്കായി എന്തെങ്കിലും ചെലവഴിക്കുന്നതിനു പകരം തന്റെ യോദ്ധാക്കളേയും പട്ടാളക്കാരേയുമാണ് അധികവും ശ്രദ്ധിച്ചിരുന്നത്. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) 400 ദീനാറും 4000 ദിർഹമും സമ്മാനമായി അദ്ദേഹത്തിന് അയച്ചുകൊടുത്തു. അദ്ദേഹം അതെല്ലാം തന്റെ സൈന്യത്തിൽ വിതരണം ചെയ്തു. എന്തെങ്കിലും തനിക്കായി എടുത്തുവയ്ക്കാനിഷ്ടപ്പെട്ടില്ല. ഹദ്റത്ത് ഉമർ(റ) ഇക്കാര്യം അറിഞ്ഞപ്പോൾ നിയന്ത്രണം വിട്ട് പറഞ്ഞുപോയി, ‘അൽഹംദുലില്ലാഹ്! അബൂഉബയ്ദഃയെപ്പോലുള്ളവർ ഇപ്പോൾ മുസ്‌ലീംകളിലുണ്ട്.’

**നിസ്വാർഥത:**

ഈ ആത്മപരിത്യാഗവും നിസ്വാർഥതയും ഉണ്ടായിട്ടും ദൈവഭയത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നുവച്ചാൽ, അവസാനം രോഗിയായി കിടക്കുമ്പോൾ ഒരു സ്വഹാബി അദ്ദേഹത്തെ കാണാൻ വന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) കരയുന്നത് അദ്ദേഹം കണ്ടു. എന്തിനാണ് കരയുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഇങ്ങനെയായിരുന്നു മറുപടി: “മുസ്‌ലീംകൾ കൈവരിക്കാൻ പോകുന്ന വിജയങ്ങളെ സ്മരിച്ചുകൊണ്ടു നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു, ‘അബൂഉബയ്ദാ! താങ്കൾക്ക് ദീർഘായുസ്സ് ലഭിക്കുകയും വിജയങ്ങളുടെ സമ്പത്ത് കൈവരികയും ചെയ്താൽ മൂന്നു സേവകനും മൂന്നു യാത്രാവാഹനവും താങ്കൾക്കു മതിയായതാണ്.’ ഇപ്പോൾ നിങ്ങളെക്കാൾ കൂടുതൽ അടിമകളും യാത്രാവാഹനങ്ങളും ഉള്ളതായി ഞാൻ കാണുന്നു. ഏതു മുഖത്തോടുകൂടിയാണ് എന്റെ യജമാനരെ കാണുക എന്ന് ഞാൻ ചിന്തിച്ചുപ്പോകുന്നു. ‘നിങ്ങളിൽ തന്നോടു അടുത്തവനും തന്റെ സ്നേഹിതനും താൻ ഏതവസ്ഥയിലാണോ നിങ്ങളെ വിട്ടുപോകുന്നത് ആ അവസ്ഥയിൽ തന്നെവന്നു കാണുന്നവനാണെന്ന് നബി(സ)തിരുമേനി ഞങ്ങളോടു വസ്വിയ്യത്ത് ചെയ്തിരുന്നു.’

ഹദ്റത്ത് ഥാബിത്(റ) ബനാനീ പറയുന്നു: ‘ഹദ്റത്ത് അബൂഉബയ്ദഃ(റ) സിറിയൻ പട്ടാളക്കാരുടെ കമാൻഡർ ഇൻ ചീഫ് ആയിരുന്നു. ഒരു ദിവസം പട്ടാളക്കാരെ സംബോധന ചെയ്തു പറഞ്ഞു, ‘നിങ്ങളാരും നിങ്ങളെക്കാൾ എനിക്കു തഖ്‌വയിൽ ശ്രേഷ്ഠത നല്കരുത്. സമാധാനത്തോടെ കഴിയണമെന്നു മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്.’

ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ ബുദ്ധി സാമർഥ്യവും നിസ്വാർഥ സേവനവും സമൂഹത്തിന്റെ നേട്ടങ്ങൾ മുന്നിൽവച്ചുള്ള പ്രവർത്തനവും ചരിത്രത്തിൽ തങ്ക ലിപികളാൽ എഴുതപ്പെടുന്നതാണ്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ മരണവാർത്ത അറിയിച്ചുകൊണ്ടുള്ള ഹദ്റത്ത് ഉമർ(റ)ന്റെ കത്ത് ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് ലഭിച്ചു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദിനെ സ്ഥാനഭ്രഷ്ടനാക്കി ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ സൈന്യത്തിന്റെ അമീറായി നിയമിച്ചു. ഹദ്റത്ത് അബൂഉബയ്ദഃ(റ)ജനതയുടെ വമ്പിച്ച നേട്ടങ്ങൾ മുന്നിൽകണ്ട് ദമസ്കസുകാരുമായി ഹദ്റത്ത് ഖാലിദ്(റ) ഐക്യപ്പെടുകയും ഐക്യസന്ധിയിൽ അദ്ദേഹം ഒപ്പുവയ്ക്കുകയും ചെയ്യുന്നതുവരെ അദ്ദേഹത്തെ നിയമന വിവരം അറിയിച്ചില്ല. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) പിന്നീടു വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തോടു പരാതി പറയുകയുണ്ടായി. എന്നാൽ, ഹദ്റത്ത് അബൂഉബയ്ദഃ(റ) ഒഴികഴിവ് പറഞ്ഞ് മാറുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് അദ്ദേഹത്തെ സമാധാനപ്പെടുത്തുകയുമാണ് ചെയ്തത്. ഇസ്‌ലാമിക ജേർണൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ആ അവസരത്തിൽ ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ ഗംഭീര മാതൃക കാണിച്ചുകൊണ്ടു പറഞ്ഞു: ‘ജനങ്ങളേ! നിങ്ങൾക്ക് അമീറായി ഈ സമുദായത്തിന്റെ വിശ്വസ്തൻ നിയമിതനായിരിക്കുന്നു.’ ഹദ്റത്ത് അബൂഉബയ്ദഃ(റ) മറുപടിയായി പറഞ്ഞു, ‘ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്നും ഗോത്രത്തിലെ ശ്രേഷ്ഠനായ യുവാവാണെന്നും നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.’

**സഹിഷ്ണുത:**

ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ സൽപെരുമാറ്റം സ്വന്തക്കാരോട് മാത്രമായിരുന്നില്ല. അന്യരോടും അപരിചിതരോടും സഹിഷ്ണുത കാണിക്കുകയും അവർക്ക് ഉപകാരിയാവുകയും ചെയ്തിരുന്നു. സിറിയയിലെ ക്രൈസ്തവ പ്രജകൾക്കു അദ്ദേഹം പൂർണസ്വാതന്ത്ര്യം നല്കി. കീഴടക്കിയ പ്രദേശങ്ങളിൽ ഇസ്‌ലാമിക വിജയങ്ങൾക്കുശേഷം ക്രിസ്ത്യാനികളുടെമേൽ ശംഖ്മുഴക്കുന്നതിനും കുരിശു നീക്കം ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) അതിൽ ഇളവു വരുത്തുകയും സ്വാതന്ത്ര്യം നല്കുകയും ചെയ്തു. അത് വളരെ നല്ല പ്രതികരണമാണ് ക്രിസ്ത്യാനികളിലുണ്ടാക്കിയത്. ചുരുക്കംപറഞ്ഞാൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് അല്ലാഹുവിന്റെ ദൂതർ(സ) നല്കിയ ‘സമുദായത്തിന്റെ വിശ്വസ്തൻ’ എന്ന ബഹുമതി അദ്ദേഹം നല്ലവണ്ണം കാത്തുസൂക്ഷിച്ചു. അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ അമാനത്ത് നിർവഹണത്തിന്റെ മനോഹരമായ ചിത്രമെഴുത്ത് പുസ്തകവും ഏറ്റവും നല്ല ചിത്രവുമായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ കുറിച്ച് തിരുദൂതരുടെ സഖാക്കളിൽ വ്യതിരിക്തമായ സ്ഥാനം വഹിക്കുന്ന വ്യക്തിയാണെന്ന് പറഞ്ഞത്.

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) തന്റെ മജ്‌ലിസിൽ അങ്ങേയറ്റം ആശ്ചര്യമുളവാക്കുന്ന ശൈലിയിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ കഴിവുകളെക്കുറിച്ചു പറഞ്ഞു. അദ്ദേഹം ആദ്യം തന്റെ കൂട്ടുകാരോട് അവരവരുടെ ആഗ്രഹങ്ങളും ഇച്ഛകളും വിവരിക്കാൻ നിർദേശിച്ചു. സ്വർണവും വെള്ളിയുംകൊണ്ട് തന്റെ വീടു നിറയണമെന്നും അങ്ങനെ അവയെല്ലാംഅല്ലാഹുവിന്റെ മാർഗത്തിൽ ദാനം നല്കണമെന്നാണ് തന്റെ ആഗ്രഹമെന്നും ഒരാൾ പറഞ്ഞു. വേറെ ചിലർ വേറെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചു. അവസാനം ഹദ്റത്ത് ഉമർ(റ)പറഞ്ഞു, ‘വിശാലമായ ഒരു വീടുണ്ടാകുകയും ആ വീട് അബൂഉബയ്ദഃ(റ)യെപ്പോലുള്ള ആളുകളെക്കൊണ്ട് നിറയുകയുംവേണം’ അതാണ് എന്റെ ആഗ്രഹം.

(“സീറത്തെ സ്വഹാബഃ” എന്ന ഗ്രന്ഥത്തോടു കടപ്പാട്)

## പ്രബന്ധമത്സര വിജയികൾ

ഈ വർഷം 2016-17ൽ നല്ലാറത്ത് തഅ്ലീം ഖാദിയാൻ നടത്തിയ പ്രബന്ധമത്സരത്തിൽ 20 വിദ്യാർഥി -വിദ്യാർഥിനികൾ പങ്കെടുത്തു. ‘അല്ലാഹുവിനോടുള്ള വ്യക്തിപരമായ സ്നേഹം എങ്ങനെ കരസ്ഥമാക്കാം’ എന്നതായിരുന്നു വിഷയം. ഇതിൽ ഒന്നും രണ്ടും മൂന്നും സ്ഥാനവും പ്രത്യേക സമ്മാനവും കരസ്ഥമാക്കിയ വിദ്യാർഥികളുടെ പേരുകൾ താഴെ കൊടുക്കുന്നു. അല്ലാഹു ഈ ബഹുമതി അവർക്ക് അനുഗ്രഹമാക്കട്ടെ. ആമീൻ.

(1)വസീം അഹ്മദ് അസീം സാഹിബ് (ഖാദിയാൻ). (2) സയ്യിദ് നയീം അഹ്മദ് കാശിഫ് സാഹിബ് (ഖാദിയാൻ). (3) അനീസ് ഫാത്തിമ സാഹിബ അബ്ദുസമദ് (ഉസ്മാനാബാദ്, മഹാരാഷ്ട്ര). പ്രത്യേക സമ്മാനാർഹർ: സയ്യിദ സഅ്ദിയ സാഹിബ (ബാംഗ്ലൂർ, കർണാടക), സയ്യിദ മുബശ്ശിറ ശക്കീൽ സാഹിബ (ഹൈദരാബാദ് തെലുങ്കാന), ഖാൻ മൻസൂറ ഫർഹത്ത് മുജീബുല്ലാഹ്(ഉസ്മാനാബാദ് മഹാരാഷ്ട്ര), ഇഫ്തിഖാറുർറഹ്മാൻ (ഖാദിയാൻ)

# ഖുത്ബ ജുമുഅ

**ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിവാഹ ബന്ധങ്ങളുടെ കാര്യങ്ങളും ബന്ധങ്ങൾക്കുശേഷമുണ്ടാകുന്ന പ്രശ്നങ്ങളും കുടുംബങ്ങളിൽ പ്രയാസങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമായിക്കൊണ്ടിരിക്കാറുണ്ട്. വിവാഹങ്ങൾക്കു ശേഷം കുടുംബപരമായ പ്രശ്നങ്ങൾ കേവലം ഭർത്താവിന്റേയും ഭാര്യയുടേയും പ്രശ്നങ്ങളായിരിക്കുകയില്ല. പ്രത്യുത ഇരുഭാഗത്തുമുള്ള മാതാപിതാക്കൾക്കും പ്രയാസങ്ങൾക്ക് കാരണമായിത്തീരുന്നു. ഇത്രമാത്രമല്ല മറിച്ച് കുട്ടികളുണ്ടായാൽ അവരിലും അസ്വസ്ഥതകളുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇക്കാരണത്താൽ ചില നേരങ്ങളിൽ കുട്ടികൾ ആത്മീയപരവും ഭൗതികപരവുമായ നിലയിൽ മോശപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത് മാതാപിതാക്കൾക്കും കുടുംബത്തിനും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അങ്ങനെ ബുദ്ധിമുട്ടുകളുടെ ഈ പരമ്പര ഉണ്ടാകാൻ തുടങ്ങുന്നു.**

**വിവാഹബന്ധങ്ങളുടെ കാര്യങ്ങളും വിവാഹത്തിനുശേഷം ഉണ്ടാകുന്ന വിവിധ കുടുംബപ്രശ്നങ്ങൾക്ക് കാരണമാകുന്ന അടയാളങ്ങളും അവയുടെ വാതിലുകൾക്കും ചികിത്സയ്ക്കുമുള്ള മതപരമായ അധ്യാപനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളും ഉദ്ധരിച്ച് ജമാഅത്തംഗങ്ങൾക്ക് മാർഗനിർദേശം.**

**ആ വിവിധ പ്രായക്കാരുടെ കുടുംബപ്രശ്നങ്ങളുടെ കാരണം ഒരൊറ്റ വാക്യത്തിൽ വിവരിക്കുകയാണെങ്കിൽ ദീനിൽനിന്നുള്ള അകൽച്ചയാണത്. ദീനീപരമായ അധ്യാപനങ്ങളുടെ അറിവില്ലായ്മയാണത്. താൽപര്യമില്ലായ്മയാണത്. ഭൗതികതയോടും ഭൗതികവസ്തുക്കളോടുമുള്ള താൽപര്യമാണത്. അതിനാൽ ഇക്കാര്യങ്ങളുടെ പരിഹാരം അന്വേഷിക്കണമെങ്കിൽ ദീനീപരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അന്വേഷിക്കേണ്ടിവരും.**

**ഒരു ഭാഗത്ത് നമ്മൾ നമ്മളെ അഹ്മദി എന്നു പറയുന്നവരാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാണെന്ന് വാദിക്കുന്നവരാണ്. അപ്പോൾ ദീനീപരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അതിനുള്ള പരിഹാരം അന്വേഷിക്കേണ്ടതാണ്. അത് നമുക്ക് വിശുദ്ധഖുർആനിൽനിന്നും, തിരുഹദീഥുകളിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിൽനിന്നും ലഭിക്കുന്നു.**

**മുഹമ്മദ് ബഖ്ശ് മുഅ്മിൻ സാഹിബിന്റെ മകൻ വാഖ്ഫെ സിന്ദഗീ മുഹമ്മദ് നവാസ് മുഅ്മിൻ സാഹിബിനേയും സർബിട്ടൺ(Sirbiton) ജമാഅത്തിന്റെ സ്വദർ സയ്യിദ് റഫീഖ് അഹ്മദ് സഫീർ സാഹിബിനേയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പവിത്രൻ ഡോക്ടർ ലയീഖ് അഹ്മദ് സാഹിബിനേയും യു എസ് എ യിലെ മുൻ മിഷണറി അമീനുല്ലാഹ് ഖാൻ സാഹിബ് സാലിക്കിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2017 മാർച്ച് 3/1396 അമാൻ 3**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ ـ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ـ اَلرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ـ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിവാഹ ബന്ധങ്ങളുടെ കാര്യങ്ങളും ബന്ധങ്ങൾക്കുശേഷമുണ്ടാകുന്ന പ്രശ്നങ്ങളും കുടുംബങ്ങളിൽ പ്രയാസങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമായിക്കൊണ്ടിരിക്കാറുണ്ട്. വിവാഹങ്ങൾക്കുശേഷം കുടുംബപരമായ പ്രശ്നങ്ങൾ കേവലം ഭർത്താവിന്റേയും ഭാര്യയുടേയും പ്രശ്നങ്ങളായിരിക്കുകയില്ല. പ്രത്യുത ഇരുഭാഗത്തുമുള്ള മാതാപിതാക്കൾക്കും പ്രയാസങ്ങൾക്ക് കാരണമായിത്തീരുന്നു. ഇത്രമാത്രമല്ല മറിച്ച് കുട്ടികളുണ്ടായാൽ അവരിലും അസ്വസ്ഥതകളുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇക്കാരണത്താൽ ചില നേരങ്ങളിൽ കുട്ടികൾ ആത്മീയപരവും ഭൗതികപരവുമായ നിലയിൽ മോശപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത് മാതാപിതാക്കൾക്കും കുടുംബത്തിനും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അങ്ങനെ ബുദ്ധിമുട്ടുകളുടെ ഈ പരമ്പര ഉണ്ടാകാൻ തുടങ്ങുന്നു. നിത്യവും എനിക്കു വരുന്ന കത്തുകളിൽ ഇത്തരം കാര്യങ്ങൾ ഉണ്ടാകുന്നു. അല്ലെങ്കിൽ കൂടിക്കാഴ്ചാവേളകളിൽ തങ്ങളുടെ പ്രശ്നങ്ങൾ ആളുകൾ നേരിട്ട് പറയുന്നു.

ഒരു ഭാഗത്ത് പെൺകുട്ടികളുടെ വിവാഹബന്ധങ്ങളുടെ പ്രശ്നമാണ്. പഠിത്തത്തിന്റെ ഒഴികഴിവ് പറഞ്ഞ് യഥാർഥ പ്രായത്തിൽ വിവാഹബന്ധം ഉറപ്പിക്കുന്നില്ല. ഇനി ബന്ധം ഉണ്ടായിക്കഴിഞ്ഞാൽ Understanding ഇല്ല എന്ന് ന്യായീകരണമുണ്ടാക്കി ബന്ധങ്ങളിൽ അകൽച്ചകളുണ്ടാകുന്നു. അതിൽ വിള്ളലുകളുണ്ടാകുന്നു.

ഈ രാജ്യങ്ങളിൽ നിങ്ങൾക്ക് വലിയ അവകാശങ്ങളാണുള്ളതെന്നും അതുകൊണ്ട് നിങ്ങളുടെ ഇന്ന ഇന്ന അവകാശങ്ങൾ നിറവേറ്റിത്തരാൻ ഭർത്താക്കന്മാരോടു പറയുക എന്നും നിങ്ങൾ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ തനിക്ക് സാധ്യമല്ലെന്നും ഭർത്താക്കന്മാർ പറയുന്ന എല്ലാ കാര്യങ്ങളും അംഗീകരിക്കാൻ പറ്റുകയില്ലെന്നും ഭർത്താക്കന്മാരോടു പറയണമെന്നും പറഞ്ഞ് ചില കൂട്ടുകാരികൾ തെറ്റായ ചിന്താഗതികൾ പെൺകുട്ടികളുടെ മനസ്സുകളിൽ ഇട്ടുകൊടുക്കുന്നതും കണ്ടുവരുന്നുണ്ട്. ചിലപ്പോൾ മാതാപിതാക്കൾ സ്വയവും പെൺകുട്ടികളെ അത്തരം കാര്യങ്ങൾ പഠിപ്പിക്കാറുണ്ട്. ഇതുമുഖേന ആൺകുട്ടിയും പെൺകുട്ടിയും തമ്മിലുള്ള അല്ലെങ്കിൽ ഭാര്യവും ഭർത്താവും തമ്മിലുള്ള പരസ്പരവിശ്വാസം നഷ്ടപ്പെട്ടുപോകുന്നു. അല്ലെങ്കിൽ സംശയവും സന്ദേഹവും തിളച്ചുപൊന്താൻ തുടങ്ങുന്നു.

പാക്കിസ്താനിൽനിന്ന് ഇവിടെ ബന്ധമുറപ്പിച്ച് വന്നിട്ടുള്ള പെൺകുട്ടികളും പാശ്ചാത്യൻ രാജ്യങ്ങളിലെ സ്വാതന്ത്ര്യംകണ്ട് ആ വർണത്തിൽ വിഭൂഷിതരായി തെറ്റായ ആവശ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങുന്നു എന്നതാണ് ദുഃഖകരമായ കാര്യം. എന്നല്ല ചിലപ്പോൾ വീടുകൂടുന്നതിനുമുമ്പേ ഇവിടെ എത്തി ബന്ധം വിച്ഛേദിക്കുന്നു. ഈ അവസ്ഥ പെൺകുട്ടികളുടേതു മാത്രമല്ല. പ്രത്യുത ആൺകുട്ടികളും ഇതൊക്കെത്തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. എന്നല്ല ആൺകുട്ടികളുടെ അത്തരം പ്രവൃത്തികൾ പെൺകുട്ടികളെക്കാൾ കുറച്ച് അധികമാണ്. ഇതിനുകാരണം ഭൂരിഭാഗം ആൺകുട്ടികളും പെൺകുട്ടികളും ചൊവ്വായ വാക്കുകളനുസരിച്ച് (ഖൗലെ സദീദ് അനുസരിച്ച്) പ്രവർത്തിക്കുന്നില്ല എന്നതാണ്. എല്ലാ അവസ്ഥകളും പരസ്പരം പറഞ്ഞ് ബന്ധം ഉറപ്പിക്കുന്നില്ല. പിന്നീട് എല്ലാം ശരിയാകുമെന്ന് കരുതി ചിലപ്പോൾ മാതാപിതാക്കൾ പെൺകുട്ടിയുടെമേൽ സമ്മർദം ചെലുത്തി ബന്ധമുറപ്പിക്കാറുണ്ട്. ആ ബന്ധം വിദ്യാഭ്യാസപരമായ അന്തരവും വിഭിന്നമായ ജീവിതരീതിയും കാരണത്താൽ പൊരുത്തപ്പെട്ടുപോകുന്നുണ്ടാകുകയില്ല.

ഇപ്രകാരംതന്നെ ആൺകുട്ടിയ്ക്ക് മറ്റെവിടെയെങ്കിലും വിവാഹത്തിന് താൽപര്യമുണ്ടാകും. പക്ഷേ, മാതാപിതാക്കളുടെ മുമ്പിൽ അവർ അതു പറയുകയില്ല. പാക്കിസ്താനിൽ വിവാഹം കഴിക്കുന്നു. അല്ലെങ്കിൽ ഇവിടെ തങ്ങളുടെ ബന്ധുക്കളിൽ അവരുടെ ഇഷ്ടമനുസരിച്ച് വിവാഹം ചെയ്യുന്നു. കുറച്ചു കഴിയുമ്പോൾ ആ പാവം പെൺകുട്ടികളുടെമേൽ അക്രമം ചെയ്യാൻ തുടങ്ങുന്നു. ആദ്യം അവളുടെ ഭർത്താവിൽനിന്നായിരിക്കും അക്രമമുണ്ടാകുന്നത്. പിന്നീട് വളരെ താൽപര്യത്തോടുകൂടി കൂട്ടിക്കൊണ്ടുവന്ന ഭർതൃപിതാവിൽനിന്നും മാതാവിൽനിന്നും അക്രമം ഉണ്ടാകുന്നു. പിന്നീട് മറ്റു ബന്ധുക്കളിൽനിന്നും അക്രമം ഉണ്ടാകുന്നു. എന്തായാലും അവർ ആൺകുട്ടികളാവട്ടെ അല്ലെങ്കിൽ പെൺകുട്ടികളാവട്ടെ, ഒരു ഭാഗത്തുള്ള ശ്വശുര ഗൃഹമാവട്ടെ അല്ലെങ്കിൽ മറുഭാഗത്തുള്ള ആരെങ്കിലുമാകട്ടെ ആരിലും നൂറുശതമാനം ആക്ഷേപം ഉന്നയിക്കാൻ സാധിക്കുകയില്ല. ചില അവസ്ഥകളിൽ ആൺകുട്ടികൾ തെറ്റുകാരായിരിക്കും. ചില അവസ്ഥകളിൽ പെൺകുട്ടികൾ തെറ്റുകാരായിരിക്കും.

പിന്നീട് കുടുംബപ്രശ്നങ്ങൾ ഞാൻ പറഞ്ഞതുപോലെ കുട്ടികളേയും ബാധിക്കുന്നതാണ്. ഒരുപാടു കുട്ടികളുണ്ടായതിനുശേഷം, വളരെ നാളുകൾ കഴിഞ്ഞ് നല്ല ജീവിതം നയിച്ചതിനുശേഷം ക്ഷണത്തിൽ പുരുഷന്റെ തലയിൽ കീട ബാധയുണ്ടാകുന്നു. തന്റെ ഭാര്യയോടൊത്ത് ജീവിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് താൻ വേറെ വിവാഹം കഴിക്കുകയാണെന്നും നിന്നെ ത്വലാഖ് ചൊല്ലുകയാണെന്നും അവർ ഭാര്യയോടു പറയുന്നു. അല്ലെങ്കിൽ കുറച്ചു കാലത്തിനുശേഷം താൻ ആ മനുഷ്യനുമായി വളരെ ബുദ്ധിമുട്ടിയാണ് ജീവിച്ചതെന്നും ഇനി സഹിക്കാൻ കഴിയുകയില്ലെന്നും

അതുകൊണ്ട് ഖുലാ വാങ്ങുകയാണെന്നും ഭാര്യ പറയുന്നു. ഇവിടെ ഞാൻ ഇതുംകൂടി പറയട്ടെ ജമാഅത്തിൽ ത്വലാഖിനെ അപേക്ഷിച്ച് ഖുലായാണ് അധികമായിട്ടുള്ളത്. അതായത് ഖുലായുടെ അപേക്ഷയാണ് ഖളായിൽ അധികമായി വരുന്നത്. അത്തരം പരിതഃസ്ഥിതിയിൽ കുട്ടികളെ അത് വല്ലാതെ ബാധിക്കുന്നതാണ്. മാതാവും പിതാവും വേർപിരിഞ്ഞതിനുശേഷം ആരുടെ കൂടെയാണോ കുട്ടികൾ കഴിയുന്നത്, അവർ മാനസികമായും ധാർമികമായും മറ്റു കഴിവുകളുടെ അടിസ്ഥാനത്തിലും മോശമായി സ്വാധീനിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന കാര്യം വിവരാവകാശ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളിൽനിന്നും സ്ഥാപിതമായിട്ടുള്ളതാണ്. എന്തായാലും ഈ വിഷമകരമായ അവസ്ഥകൾക്ക് ഉത്തരവാദി ആരായാലും വേണ്ടില്ല! പാശ്ചാത്യ ചുറ്റുപാടിൽ പെൺകുട്ടികൾ തങ്ങളുടെ സ്വഭാവങ്ങളിൽ വരുത്തുന്ന മാറ്റം കാരണത്താൽ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുവെന്നും ബന്ധങ്ങൾ നിറവേറ്റുന്നില്ലെന്നും അല്ലെങ്കിൽ ആരംഭത്തിൽ തങ്ങൾ ചിലകാരണങ്ങൾ നിമിത്തം മാതാപിതാക്കൾക്കൊപ്പം ജീവിക്കാൻ ആഗ്രഹിച്ചുവെന്നും എന്നാൽ, ഇപ്പോൾ പെൺകുട്ടി ആഗ്രഹിക്കുന്നില്ലെന്നും അല്ലെങ്കിൽ ദീനീപരമായ അറിവ് അവൾക്കില്ലെന്നും ഉടൻ വീടുവച്ചു മാറണമെന്ന് അവൾ പറയുന്നുവെന്നും നിങ്ങൾക്ക് സ്വന്തമായി വീടുണ്ടാകണമെന്നുമൊക്കെ പറഞ്ഞ് ആൺകുട്ടികൾ പെൺകുട്ടികളുടെമേൽ ആക്ഷേപം ഉന്നയിച്ചാലും വേണ്ടില്ല!

ഭാര്യാ ഭർത്താക്കന്മാരുടെ കാര്യങ്ങളിൽ പെൺകുട്ടിയുടെ മാതാപിതാക്കളുടെ കൈകടത്തലുകളും ഉണ്ടാകാറുണ്ട്. ശരിയായ അവസ്ഥകൾ പറഞ്ഞ് ബന്ധം ഉറപ്പിക്കാത്ത കാരണത്താൽ പരാതികളുണ്ടാകുന്നു. ഞാൻ ആദ്യം പറഞ്ഞതുപോലെ ഖൗലേ സദീദ്(ചൊവ്വായ കാര്യങ്ങൾ)പറഞ്ഞുകൊണ്ട് ബന്ധം ഉറപ്പിക്കുന്നില്ല. അതാണെങ്കിൽ അങ്ങേയറ്റം നിർബന്ധവുമാണ്. ഇപ്രകാരംതന്നെ പെൺകുട്ടികളുടെ മനസ്സുകളിൽ ചിലകാര്യങ്ങൾ ആൺകുട്ടികളേയും അവരുടെ വീട്ടുകാരേയും സംബന്ധിച്ചുണ്ടാകുന്നു. ഉദാഹരണത്തിന് ആൺകുട്ടിയുടെ മാതാവ് അല്ലെങ്കിൽ അടുത്ത ബന്ധുക്കൾ പെൺകുട്ടിയുടെ മുമ്പിൽ എപ്പോഴും ആൺകുട്ടിയെ തങ്ങളുടെ മകൻ 'അങ്ങനെയാണ് ഇങ്ങനെയാണ്' എന്നു പറഞ്ഞ് പ്രശംസിച്ചുകൊണ്ടിരിക്കും. ഏതെങ്കിലും വിധത്തിൽ പെൺകുട്ടിയെ തരംതാഴ്ത്തിക്കാണിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. പിന്നീടുവരുന്നത് ആൺകുട്ടിയുടേയും പെൺകുട്ടിയുടേയും ബന്ധങ്ങളാണ്. ഭാര്യാഭർത്താക്കന്മാരുടെ ബന്ധങ്ങളാണ്. അവയിലും ആൺകുട്ടിയുടെ ആളുകളുടെ കൈകടത്തലുകളുണ്ടാകുന്നു. ആൺകുട്ടികൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കുന്നില്ലെന്നും ഉത്തരവാദിത്വബോധമില്ലെന്നുമുള്ള പരാതിയും പെൺകുട്ടികൾക്കുണ്ടാകുന്നു. ഇവിടത്തെ ചുറ്റുപാടിന് വിധേയരായി, പൊതുവെ ഇവിടെ 25, 26 വയസ്സുള്ള ആൺകുട്ടികളോടും നിങ്ങൾ വലുതായിരിക്കുന്നുവെന്ന് പറഞ്ഞാൽ ഇല്ല തങ്ങൾ ഇപ്പോൾ ചെറുതാണെന്നും വിവാഹം കഴിക്കാൻ പ്രായമായിട്ടില്ലെന്നുമായിരിക്കും പറയുക. ഇവിടത്തെ ചുറ്റുപാടിന് വിധേയരായി നമ്മുടെ അഹ്മദി ആൺകുട്ടികളിലും ഏഷ്യൻ ഒർജിനായിട്ടുള്ള (asian orgin)ആൺകുട്ടികളിലും ഇതേ അസുഖമാണുള്ളത്. അതായത് ഇപ്പോൾ തങ്ങൾ ചെറുതാണെന്നും ഉത്തരവാദിത്വം നിറവേറ്റാൻ കഴിയില്ലെന്നും പറയുന്നു. ചെറുതാണെങ്കിൽ, ഉത്തരവാദിത്വം നിറവേറ്റാൻ കഴിയില്ലെങ്കിൽ പിന്നെവിവാഹം കഴിക്കേണ്ട ആവശ്യമെന്താണ്? എന്തായാലും പരാതികളുടെ ഈ പരമ്പര ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ഇരുഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടേയിരിക്കുന്നു.

ഇപ്രകാരം കുറെ കാലം ഒരുമിച്ചു ജീവിച്ചതിനുശേഷം ഞാൻ പറഞ്ഞതുപോലെ വളരെ കാലം കഴിഞ്ഞ് കുട്ടികളെല്ലാം വലുതാകാൻ തുടങ്ങുന്നു. അപ്പോൾപ്പിന്നെ പരാതിയുണ്ടാകുന്നു. വെറും ബാലിശമായ കാര്യങ്ങളായിരിക്കും ഉണ്ടാകുന്നത്. അക്ഷമയും ചീത്ത കൂട്ടുകെട്ടും അത്തരം കാര്യങ്ങളുണ്ടാക്കുകയാണ്. ആ വിവിധ പ്രായക്കാരുടെ കുടുംബപ്രശ്നങ്ങളുടെ കാരണം ഒരൊറ്റ വാക്യത്തിൽ വിവരിക്കുകയാണെങ്കിൽ ദീനിൽനിന്നുള്ള അകൽച്ചയാണത്. ദീനീപരമായ അധ്യാപനങ്ങളുടെ അറിവില്ലായ്മയാണത്. താൽപര്യമില്ലായ്മയാണത്. ഭൗതികതയോടും ഭൗതികവസ്തുക്കളോടുമുള്ള താൽപര്യമാണത്. അതിനാൽ ഇക്കാര്യങ്ങളുടെ പരിഹാരം അന്വേഷിക്കണമെങ്കിൽ ദീനീപരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അന്വേഷിക്കേണ്ടിവരും.

ഒരു ഭാഗത്ത് നമ്മൾ നമ്മളെ അഹ്മദി എന്നു പറയുന്നവരാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരാണെന്ന് വാദിക്കുന്നവരാണ്. അപ്പോൾ ദീനീപരമായ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അതിനുള്ള പരിഹാരം അന്വേഷിക്കേണ്ടതാണ്. അത് നമുക്ക് വിശുദ്ധഖുർആനിൽനിന്നും, തിരുഹദീഥുകളിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിൽനിന്നുമാണ് ലഭിക്കുന്നത്. നമ്മൾ ഇസ്‌ലാം സ്വീകരിച്ചുവെന്നത് നമ്മുടെ ഭാഗ്യമാണ്. നമ്മൾ മുസ്‌ലീംകളാണ്. ഇക്കാലഘട്ടത്തിൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരാണ്. അദ്ദേഹം നമ്മളിൽനിന്ന് ഏതവസ്ഥയിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നുള്ള പ്രതിജ്ഞ വാങ്ങിയിരിക്കുന്നു.(മൽഫൂദാത്ത് വാല്യം 7 പേജ് 391)

ഈ പ്രതിജ്ഞ നമ്മൾ വിവിധ അവസരങ്ങളിൽ ഏറ്റു ചൊല്ലുന്നു. എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കേണ്ട സമയം വരുമ്പോൾ അതു മറന്നുപോകുന്നു. വിവാഹാവസരങ്ങളിൽ നല്ലവരും ബാഹ്യമായി ദീനിനു സേവനം ചെയ്യുന്നവരും അതു മറന്നുപോകുന്നു. വാസ്തവത്തിൽ വിവാഹത്തിലും ബന്ധങ്ങളുടെ കാര്യത്തിലും പ്രത്യേകമായ നിർദേശങ്ങൾ അതായത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്ന പാഠം നമുക്ക് നബി(സ)തിരുമേനിയിൽനിന്ന് ലഭിച്ചിട്ടുള്ളതാണ്. ദീൻ മുന്തിച്ചിട്ട് ദുൻയാവ് കിട്ടുകയാണെങ്കിൽ അത് അല്ലാഹുവിന്റെ കൃപയാണ്. ഭൗതികരായവരുടെ ഭാഷയിൽ നമ്മൾ പറഞ്ഞാൽ അത് ബോണസ്സ് (Bonus)ആകുന്നു. എന്നാൽ, വെറും ഭൗതികത നോക്കുകയും എന്നിട്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നുവെന്ന് വാദിക്കുകയും ചെയ്താൽ പ്രശ്നങ്ങളുണ്ടാകുന്നതാണ്. കാരണം സത്യസന്ധതയില്ല. വിവാഹാലോചന നടക്കുന്നനേരത്ത് അടിസ്ഥാനപരമായ കാര്യമെന്ന നിലയിൽ മുന്നിൽവെക്കണമെന്ന് നബി(സ)തിരുമേനി പറഞ്ഞ കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. ഹദ്റത്ത് അബൂഹുറയ്റ(റ)ൽ നിന്ന് ഇതിന് നിവേദനം ലഭിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു, 'നാലുകാര്യങ്ങൾ നോക്കിയാണ് സ്ത്രീ വിവാഹം കഴിക്കപ്പെടുന്നത്. അവളുടെ ധനം കാരണത്താൽ, അവളുടെ കുലം കാരണത്താൽ, അവളുടെ സൗന്ദര്യം കാരണത്താൽ, അവളുടെ ദീൻ കാരണത്താൽ. നീ ദീനിയായ സ്ത്രീയെ തിരഞ്ഞെടുക്കുക. അല്ലാഹു നിങ്ങൾക്ക് നന്മ വരുത്തട്ടെ.'(സ്വാഹീഹ് ബുഖാരി ഹദീഥ് 5090)

ഇക്കാര്യം ആൺകുട്ടികളും ആൺകുട്ടികളുടെ കുടുംബക്കാരും മുന്നിൽ വെക്കാൻ തുടങ്ങുകയും പെൺകുട്ടികളും പെൺകുട്ടികളുടെ കുടുംബക്കാരും ദീനിന് മുൻഗണന നല്കുകയും ചെയ്യുകയാണെങ്കിൽ ആൺകുട്ടികളേയും പെൺകുട്ടികളേയും അവരുടെ കുടുംബക്കാരേയും കുറിച്ചുണ്ടാകുന്ന ധാരാളം പരാതികൾ അകലുന്നതാണ്. ദീനുള്ള ആൺകുട്ടി ദീനുള്ള പെൺകുട്ടിയെ അന്വേഷിക്കുമ്പോൾ, ദീനിന് മുൻഗണന നല്കുമ്പോൾ തന്റെ കർമങ്ങളും ദീനീപരമായ അധ്യാപനമനുസരിച്ച് വാർത്തെടുക്കേണ്ടതായി വരും. മതപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുമ്പോൾ അവന്റെ വീട്ടിൽ ചെറിയ ചെറിയ കാര്യങ്ങളിൽ ഫിത്നയും ഫസാദും ഉണ്ടാകുകയുമില്ല. ആൺകുട്ടിയുടെ വീട്ടുകാർ പെൺകുട്ടിയുടെ വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നവരാകുകയുമില്ല.

പിന്നീട് ഇസ്‌ലാം പറയുന്നത്, ദീൻ നോക്കണമെന്നത് പരിഗണിക്കേണ്ടതാണെന്നതിൽ സംശയമില്ല. പക്ഷേ, ചില ഘട്ടങ്ങളിൽ എല്ലാ ജോഡിയും എല്ലാവർക്കും ചേർന്നതായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് വിവാഹ ബന്ധങ്ങൾ ഉറപ്പിക്കുന്നതിനുമുമ്പേ ഇസ്തിഖാറ ചെയ്യാൻ ഇസ്‌ലാം പഠിപ്പിക്കുന്നു.(സ്വഹീഹ് ബുഖാരി കിതാബുദ്ദഅ്വാത്ത് ഹദീഥ് 6382)

വിവാഹബന്ധത്തിന് അല്ലാഹുവിൽനിന്ന് നന്മ ചോദിക്കുക. അല്ലാഹുവിൽനിന്ന് അത് ഖയ്റല്ലെങ്കിൽ ആ ബന്ധത്തിൽ തടസമുണ്ടാക്കാനും ദുആ ചെയ്യുക. ഇതിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു അവസരത്തിൽ വളരെ മനോഹരമായ നിലയിൽ പറഞ്ഞു:'നബി(സ)തിരുമേനി വളരെ വലിയ ഔദാര്യമാണ് ചെയ്തത്. നമുക്ക് മാർഗങ്ങൾ പറഞ്ഞുതന്നു, എങ്ങനെയുള്ള മാർഗമെന്നാൽ നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഇൻശാ അല്ലാഹ് നിക്കാഹ് തീർച്ചയായും സന്തോഷത്തിന് കാരണമാകും. വിവാഹം കഴിക്കുന്നതിന്റെ ലക്ഷ്യവും ഉദ്ദേശ്യവുമായി വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്ന സമാധാനവും സ്നേഹവും ഉണ്ടാകുന്നതാണ്. (വിവാഹം കഴിക്കുന്നത് ഇരുകൂട്ടർക്കും സമാധാനം ഉണ്ടാകാനാണ്. അത് പരസ്പരം സന്തോഷത്തിനും സ്നേഹത്തിനും കാരണമാകണം) പറഞ്ഞു, 'ഏറ്റവും ആദ്യം പറഞ്ഞ നിക്കാഹിന്റെ ഉദ്ദേശ്യം ദീനായിരിക്കണമെന്നാണ്.' (ദീൻ അന്വേഷിക്കണമെന്ന് ആദ്യമേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്). സൗന്ദര്യം തേടിയോ ധനസമ്പാദനത്തിനോ തറവാടിത്തത്തിന്റെ മഹിമ കണ്ടോ വിവാഹബന്ധം ചെയ്യരുത്. ഇതാണ് ആദ്യം പറഞ്ഞ ഉപായം. ആദ്യം നിയ്യത്ത് നല്ലതായിരിക്കേണ്ടതാണ്. പിന്നീട് രണ്ടാമത്തെ ജോലി നിക്കാഹിനുമുമ്പേ ധാരാളം ഇസ്തിഖാറ ചെയ്യുക എന്നതാണ്. വിവാഹം ഉറപ്പിക്കുന്നതിനുമുമ്പേ, ധാരാളം ഇസ്തിഖാറ ചെയ്യുക.'(ഖുത്ബ്ബാത്തെ നൂർ പേജ് 518–519, 1911 ഡിസംബർ 25, ജുമുഅ ഖുത്ബ)

അതിനാൽ ബന്ധം ഉറപ്പിക്കുന്നതിനുമുമ്പേ അല്ലാഹുവിനോടു സമാധാനത്തിനും സന്തോഷത്തോടുകൂടി ജീവക്കാൻ കഴിയുന്നതിനുംവേണ്ടി ദുആ ചെയ്യുക. തനിക്ക് സമാധാനവും നന്മയും ഇതിലുണ്ടാകുമെങ്കിൽ ഈ ബന്ധം നടക്കുമാറാകട്ടെ എന്ന്' അല്ലാഹുവിനോടു ദുആ ചെയ്യുക. അങ്ങനെ വിവാഹം നടന്നാൽ ആ വൈവാഹിക ജീവിതം അല്ലാഹുവിന്റെ കൃപയാൽ വിജയകരമാകുന്നതാണ്. പക്ഷേ, വിവാഹത്തിനുശേഷവും ശയ്ത്വാൻ പലമാർഗങ്ങളിലൂടേയും ആക്രമണം നടത്തിക്കൊണ്ടിരിക്കുമെന്ന കാര്യവും ഓർക്കേണ്ടതാണ്. അതുകൊണ്ട് വിവാഹജീവിതം എപ്പോഴും സമാധാനത്തിലും സന്തോഷത്തിലും സ്നേഹത്തിലും കഴിയുന്നതിനുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇസ്തിഖാറയുടെ പ്രാധാന്യത്തെ കുറിച്ച് കൂടുതൽ പറഞ്ഞിരിക്കുന്നു. ഒരു അവസരത്തിൽ അതു സംബന്ധമായി ഉപദേശിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു:

"വലിയ വലിയ ജോലികളിൽ നിന്നുള്ള ഒരു ജോലി നിക്കാഹുമാണ്.(ഇത് ചെറിയ ജോലിയല്ല. വലിയ വലിയ ജോലികളിൽപ്പെട്ട ഒരു ജോലിയാണ്)അധികമാളുകളും വിചാരിക്കുന്നത് വലിയ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണമെന്നും ഉന്നത തറവാട്ടിൽപ്പെട്ട ആളായിരിക്കണമെന്നും നല്ല സ്വത്തും മുതലുമുള്ള ആളായിരിക്കണമെന്നും ഭരണാധികാരവും പ്രതാപവുമുള്ള ആളായിരിക്കണമെന്നും സൗന്ദര്യവാനും യുവാവുമായിരിക്കണമെന്നുമാണ്. എന്നാൽ, നമ്മുടെ നബി(സ) തിരുമേനി പറയുന്നത് ദീനുള്ള മനുഷ്യനെ കിട്ടാൻ ശ്രമിക്കുക എന്നാണ്."(അത് പെൺകുട്ടിയായാലും വേണ്ടില്ല ആൺകുട്ടിയായാലും വേണ്ടില്ല). കാരണം യഥാർഥമായ അറിവും സ്വഭാവങ്ങളും ശീലങ്ങളും വിശ്വസ്തതയും അറിയുക എന്നത് ഏറെ ദുഷ്കരമാണ്. പെട്ടെന്നത് അറിയാൻ കഴിയുകയില്ല. (ചില ബന്ധങ്ങൾ തകരുമ്പോൾ തങ്ങൾ നല്ലസ്വഭാവങ്ങളും ഗുണങ്ങളുമെല്ലാം ബാഹ്യമായി കണ്ടാണ് നടത്തിയത്, പക്ഷേ, പിന്നീടു തെറ്റായിരുന്നുവെന്ന് മനസ്സിലായി എന്നാണ് പറയാറുള്ളത്. കാരണം ഇത് മനസ്സിലാക്കാൻ കഴിയുകയില്ല). അതുകൊണ്ടാണ് പറഞ്ഞത്,'ഇസ്തിഖാറ തീർച്ചയായും ചെയ്യുക' എന്ന്. (ഖുത്ബ്ബാത്തെ നൂർ പേജ് 254 1907 സെപ്റ്റംബർ 13 ജുമുഅ ഖുത്ബ)

അവിടന്ന് പറഞ്ഞു:'പര്യവസാനത്തെ കുറിച്ച് നമ്മൾ അജ്ഞരാണ്. എന്നാൽ, അല്ലാഹു ആലിമുൽഗയ്ബ് അഥവാ അദൃശ്യങ്ങൾ അറിയുന്നവനാണ്. അതുകൊണ്ട് ഒന്നാമതായി നല്ലവണ്ണം ഇസ്തിഖാറ ചെയ്യുക. അല്ലാഹുവിനോടു സഹായം തേടുക.'(ഖുത്ബ്ബാത്തെ നൂർ പേജ് 478 1910 ആഗസ്റ്റ് 26 ജുമുഅ ഖുത്ബ)

അവിടന്ന് നിക്കാഹിന്റെ അവസരത്തിൽ ഓതാറുള്ള ഖുർആനിക വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പറയുന്നു:'തഖ്‌വയെ മുന്നിൽവച്ചുകൊണ്ട് രക്തബന്ധങ്ങളെ ഗൗനിക്കണമെന്ന ഉപദേശമാണ് അതിലുള്ളത്. ചൊവ്വായ വാക്കുകൾ പറയുക. നാളേക്കുവേണ്ടി എന്താണ് മുൻകൂറായി അയച്ചുകൊണ്ടിരിക്കുന്നതെന്ന് കണക്കെടുക്കുക. നിങ്ങൾക്ക് ജീവിതവിജയങ്ങൾ കാണണമെങ്കിൽ തഖ്‌വ വളരെ നിർബന്ധമാണ്. ഇതു സംബന്ധമായി ഇസ്തിഖാറ ചെയ്തതിനുശേഷം നിക്കാഹിന്റെ അവസരം വരുമ്പോൾ അവിടന്ന് പറയുന്നു:'ആ ഖുത്ബയിലും(അതായത് നിക്കാഹിന്റെ അവസരത്തിൽ പാരായണം ചെയ്യപ്പെടുന്ന ഖുർആനിക വചനങ്ങളിലും)ദുആയോടെ പ്രവർത്തിക്കാനും സ്വന്തം കർമങ്ങളുടേയും പ്രവൃത്തികളുടേയും പര്യാവസാനത്തെ കുറിച്ച് ചിന്തിക്കാനും ആലോചിക്കാനുമാണ് പറഞ്ഞിട്ടുള്ളത്. നിക്കാഹിന്റെ അനുഗൃഹീതമായ അവസരത്തിലും നബി(സ)തിരുമേനി ബാറക്കല്ലാഹു ലക്ക വ ബാറക്ക അലയ്ക്ക വ ജമഅ ബയ്നക്കുമാ

ഫിൽഖയ്രി (ജാമിഉത്തുർമുദി കിതാബുന്നിക്കാഹ്) എന്ന ദആയും പഠിപ്പിച്ചു. 'അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം നല്കുമാറാകട്ടെ. നിങ്ങളിരുവരിലും അനുഗ്രഹം ഇറക്കുമാറാകട്ടെ, നിങ്ങളിരുവരേയും നന്മയിൽ ഒരുമിച്ചു കൂട്ടട്ടെ.'(ഖുത്ബാത്തെ നൂർ പേജ് 519–520 1911 ഡിസംബർ 25 ജുമുഅ ഖുത്ബ) അതിനാൽ എല്ലാ അവസരത്തിലും നന്മയ്ക്കും അനുഗ്രഹത്തിനുമുള്ള ദുആ ചെയ്യേണ്ടതാണ്. പിന്നീട് വിവാഹബന്ധം അനുഗൃഹീതവുമാകുന്നതാണ്.

ചിലയാളുകൾ പാക്കിസ്താന്റേയും ഹിന്ദുസ്താന്റേയും അന്തരീക്ഷത്തിന് വിധേയരായി ഇപ്പോഴും കുടുംബത്തിന്റേയും വംശത്തിന്റേയും പ്രശ്നത്തിൽ കലഹിച്ചുകൊണ്ടിരിക്കുന്നു. വിവാഹാലോചന വന്നാൽ ദുആ ചെയ്യുക എന്ന് അല്ലാഹു പറയുമ്പോഴാണിത്. ദുആ ചെയ്യുക, ഇസ്തിഖാറ ചെയ്യുക. ദീനിന് മുൻഗണന നല്കുക. കലഹിക്കുന്നതിനു പകരം ദുആചെയ്യുകയും ദീനിന് മുൻഗണന നല്കുകയും ചെയ്യുക. ഇതായിരിക്കില്ല അവർ നോക്കുന്നത്. മറിച്ച് അത്തരക്കാർ കുടുംബവും വംശവുമായിരിക്കും ഗൗനിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിവാഹാലോചനയിൽ നോക്കേണ്ടത് ആരുമായാണോ നിക്കാഹ് നടക്കേണ്ടത് അയാൾ നല്ലവനും സൽസ്വഭാവിയുമാണോ എന്നും ഫിത്ന ഉണ്ടാകാൻ കാരണമുള്ള ഏതെങ്കിലും വിപത്തിൽ അകപ്പെട്ടിട്ടുണ്ടോ എന്നുമാണ്. ദീനിൽ വംശത്തിന് ഒരു പരിഗണനയും ഇല്ലെന്ന കാര്യം ഓർക്കേണ്ടതാണ്. കേവലം തഖ്വയും സൗഭാഗ്യവും അടിസ്ഥാനമായിരിക്കണം.'(മൽഫൂദാത്ത് വാള്യം 9 പേജ് 46 1985 ലണ്ടൻ പതിപ്പ്)

തഖ്വ നോക്കുക എന്നത് അടിസ്ഥാന കാര്യമാണ്. മറ്റുള്ളതെല്ലാം ബിദ്അത്ത് അഥവാ അനാചാരമാണ്. അതേ, കുഫു(ചേർച്ച) നോക്കാൻ നിർദേശമുണ്ട്. അതുകൊണ്ട് പൊരുത്തം നോക്കേണ്ടതാണ്. നിർബന്ധമായും നോക്കേണ്ടതാണ്. പക്ഷേ, അതിലും കടുംപിടിത്തം കാണിക്കാതിരിക്കേണ്ടതാണ്.

ചേർച്ച എത്രത്തോളമാണ് നോക്കേണ്ടത്? ഇതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ആരോ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞ മറുപടി ലഭിക്കുന്നുണ്ട്. "ഒരു സുഹൃത്തിന്റെ ചോദ്യം സമർപ്പിക്കപ്പെട്ടു. ഒരു അഹ്മദി തന്റെ മകളുടെ വിവാഹം ചേർച്ചയില്ലാത്ത മറ്റൊരു അഹ്മദിയുടെ വീട്ടിൽ നടത്താനാഗ്രഹിക്കുന്നു. വാസ്തവത്തിൽ തങ്ങൾക്കു ചേർന്ന ബന്ധം കിട്ടാവുന്നതേയുള്ളു. ഇതു സംബന്ധിച്ച് അങ്ങയുടെ കല്പന എന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു,'ഉചിതമായ ബന്ധം കിട്ടുകയാണെങ്കിൽ അത് ചേർച്ചയില്ലാത്ത ബന്ധത്തെക്കാൾ ഉത്തമമാണ്. പക്ഷേ, ഇത് നിർബന്ധമായ കാര്യങ്ങളിൽപ്പെട്ടതല്ല.'(ഫർളല്ല, ഉത്തമമാണ്).പറഞ്ഞു:'എല്ലാ ഓരോരുത്തർക്കും തങ്ങളുടെ അത്തരം കാര്യങ്ങളിൽ തങ്ങളുടെ നന്മയും തങ്ങളുടെ കുട്ടികളുടെ നന്മയും നല്ലവണ്ണം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ചേർച്ചയിൽ മറ്റാരെയെങ്കിലും അർഹനായി കാണുന്നില്ലെങ്കിൽ മറ്റു സ്ഥലത്ത് ബന്ധം കൊടുക്കുന്നതിൽ കുറ്റമൊന്നുമില്ല. അത്തരക്കാരനെ തന്റെ ചേർച്ചയിൽത്തന്നെ മകൾക്ക് ബന്ധം എടുക്കണമെന്ന് നിർബന്ധിക്കുന്നത് അനുവദനീയമല്ല.'(അൽബദ്ർ 1907 ഏപ്രിൽ 11 പേജ് 7 വാള്യം 6 നമ്പർ 15)

ചിലയാളുകൾക്ക് തങ്ങളുടെ കുടുംബങ്ങളെ കുറിച്ച് വലിയ നടിപ്പുണ്ടാകുന്നു. അത്തരം ഒരു വ്യക്തിയെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ (റ) ഒരിക്കൽ നല്ലവണ്ണം പിടിച്ചു. ഒരുഭാഗത്ത് തന്റെ നടിപ്പാണുള്ളത്. മറുഭാഗത്ത് തന്റെ അവസ്ഥയെന്താണ്? ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു:'ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ (റ)ന്റെ അടുക്കൽ ഒരിക്കൽ ഒരാൾ വന്നു. അയാൾ പറഞ്ഞു:'ഞാൻ സയ്യിദാണ്. എന്റെ മകളുടെ വിവാഹമാണ്. താങ്കൾ ഈ അവസരത്തിൽ എന്നെ കുറച്ച് സഹായിക്കണം.' അവിടന്ന് പറഞ്ഞു, 'നിങ്ങളുടെ മകളുടെ വിവാഹത്തിന് ഞാൻ ഹദ്റത്ത് നബി(സ)തിരുമേനി തന്റെ മകൾ ഫാത്തിമാക്ക് കൊടുത്ത എല്ലാ സാധനങ്ങളും തരാൻ തയ്യാറാണ്.' അയാൾ ഇതുകേട്ടുടനെ അനിയന്ത്രിതമായി പറഞ്ഞു:'താങ്കൾ എന്നെ അപമാനിക്കാൻ ആഗ്രഹിക്കുന്നു.' (വിവാഹ സമ്മാനം നല്കുന്നത് എത്രമാത്രം സമ്പ്രദായമാണെന്നാൽ അക്കാരണത്താൽ ചില പ്രശ്നങ്ങളുമുണ്ടാകുന്നു). ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ (റ)പറഞ്ഞു:'നിന്റെ അഭിമാനം നബി(സ)തിരുമേനിയുടെ അഭിമാനത്തെക്കാൾ വലുതാണോ? നിങ്ങളുടെ അഭിമാനം സയ്യിദാണെന്നതിലാണ്. അപ്പോൾ ഇത്രമാത്രം വിവാഹം സമ്മാനം നല്കിയതുകൊണ്ട് നബി(സ)തിരുമേനിയുടെ അന്തസ്സിന് ഒരു കോട്ടവും തട്ടിയിട്ടില്ലെങ്കിൽ പിന്നെ നിനക്കെന്ത് കോട്ടം തട്ടാനാണ്?'(തഫ്സീറെ കബീർ സൂറത്തുശ്ശുഅറാ വാള്യം 7 പേജ് 20)ഒരുഭാഗത്ത് സയ്യിദാണെന്ന് താങ്കൾ പറയുന്നു, അപ്പോൾ നിന്ദ്യത ഉണ്ടാകുന്നതെങ്ങനെ?

ചിലപ്പോൾ വിവാഹസമ്മാനം വളരെ കുറവാണ് കൊണ്ടുവന്നതെന്ന് പറഞ്ഞ് വധുവിന് കുത്തുവാക്കും കേൾക്കേണ്ടിവരാറുണ്ട്. പെൺകുട്ടികളെ വൈകാരികമായി പീഢിപ്പിക്കുന്നവർക്കും ഇതിൽ പാഠമുണ്ട്; ഇതുപോലെതന്നെ വധുവിന്റെ ആൾക്കാർക്കും. വിവാഹസമ്മാനം കഴിവനുസരിച്ച് കൊടുക്കുക. എത്രയാണോ സാധിക്കുന്നത് അതു നിർബന്ധമായും കൊടുക്കേണ്ടതാണ്. പക്ഷേ, അനാവശ്യമായി തങ്ങളിൽ ഭാരം വലിച്ചുവെക്കരുത്.

ഇസ്തിഖാറ ചെയ്യുന്നതിനുമുമ്പേ എവിടെനിന്നാണോ ബന്ധമെടുക്കാനാഗ്രഹിക്കുന്നത് ആ പെൺകുട്ടിയെ കാണേണ്ടതുമാണ്. ഇതുസംബന്ധമായി നബി(സ)തിരുമേനിയുടെ നിർദേശവുമുണ്ട്. അത് അബൂഹുറയ്റ(റ)നിവേദനം ചെയ്തതാണ്. അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ അടുത്ത് ഇരിക്കുകയായിരുന്നു. ഒരാൾ വന്നു. അൻസ്വാറിൽനിന്നുള്ള ഒരു പെൺകുട്ടിയുമായി തനിക്ക് വിവാഹാലോചന നടക്കുന്നുണ്ടെന്ന് അയാൾ പറഞ്ഞു. നീ അവളെ കണ്ടുവോ? എന്ന് അവിടന്ന് ചോദിച്ചു. ഇല്ലെന്ന് അയാൾ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'ആദ്യം അവളെ കാണുക. കാരണം അൻസ്വാറുകളുടെ കണ്ണുകളിൽ അല്പം കാര്യമുണ്ട്.'(സ്വഹീഹ് മുസ്ലിം കിതാബുന്നിക്കാഹ്).

അതിനാൽ പെൺകുട്ടിയെ കാണുക, പെൺകുട്ടിയുടെ വീട്ടിൽപ്പോയി കാണുക എന്നത് കുറ്റമൊന്നുമല്ല. പക്ഷേ, ചില ആൺകുട്ടികളുടെ ആൾക്കാർ അഹങ്കാരംകൊണ്ട് പെൺകുട്ടികളുടെ വീടുകളിൽ വിവാഹം ആലോചിക്കാൻ തങ്ങളുടെ ആൺമക്കളോടൊപ്പം പോകുന്നു. പക്ഷേ, അഹങ്കാരം കാരണത്താൽ അവിടെ ചെല്ലുമ്പോൾ അവരുടെ സംസാരം വിസ്മയകരമായിട്ടുള്ളതായിത്തീരുന്നു. ആദ്യമേ തന്നെ ഫോട്ടോ കണ്ടുകഴിഞ്ഞിട്ടും, വിവരങ്ങളെല്ലാം പറഞ്ഞുകഴിഞ്ഞിട്ടും പിന്നേയും ഇട്ടുരുട്ടുന്നു. ഇതിന്നിടയിൽ ഭൗതികമായ നിലയിൽ ഇതിനെക്കാൾ മെച്ചപ്പെട്ട ബന്ധം കിട്ടിയാൽ ഈ ബന്ധം അവസാനിപ്പിക്കുകയും ചെയ്യുന്നു. ഇത് തെറ്റായ രീതിയാണ്.

അഹ്മദി പെൺകുട്ടികളിൽ ഭൂരിഭാഗവും തങ്ങളുടെ മാതാപിതാക്കളെ ആദരിക്കുന്നവരാണ്. അവർ നിശ്ചയിക്കുന്ന വിവാഹ ബന്ധം സ്വീകരിക്കുകയും ചെയ്യുന്നു. പക്ഷേ, ചിലഘട്ടങ്ങളിൽ ചെറുക്കന്റെ വീട്ടുകാർ വരുന്നു. ഞാൻ പറഞ്ഞതുപോലെ കാണുകയും പിന്നീട് ഒന്നും പറയാതെ മൗനം പാലിക്കുകയും ചെയ്യുന്നു. ഫോട്ടോയും കണ്ടു, വിവരങ്ങളുമൊക്കെ നോക്കി, എല്ലാം അറിയുകയും ചെയ്തു. പൊക്കം എത്രയാണെന്നും മറ്റും! അപ്പോൾപ്പിന്നെ അനാവശ്യമായി എന്തെങ്കിലുമൊക്കെ പറഞ്ഞ് പെൺകുട്ടിയെ മാനസികമായി വിഷമിപ്പിക്കാതിരിക്കേണ്ടതാണ്.

ദീൻ നമ്മളോടു പറയുന്ന വിവാഹത്തിന്റെ ഉദ്ദേശ്യമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ പെൺകുട്ടിയുടെ വികാരം വ്രണപ്പെടുന്ന വിഷമമുണ്ടാകുകയില്ല. ആൺകുട്ടിയുടെ ആൾക്കാരിൽനിന്ന് അഹങ്കാരംകൊണ്ടും വികാരങ്ങൾകൊണ്ടും കളിക്കുന്ന സംഭവങ്ങളും ഉണ്ടാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവാഹത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും വിവരിച്ചുകൊണ്ട് പറയുന്നു:

'നമുക്ക് വിശുദ്ധ ഖുർആൻ നല്കിയിരിക്കുന്ന പാഠം ദോഷങ്ങളിൽനിന്ന് അകന്നിരിക്കുക എന്നുദ്ദേശ്യത്തോടെ നിക്കാഹ് ചെയ്യുക എന്നതാണ്. (നിക്കാഹിന്റെ ഉദ്ദേശ്യമെന്താണ്? ദോഷങ്ങളിൽനിന്ന് അകന്നിരിക്കുക). പിന്നെ വിവാഹം കഴിഞ്ഞാൽ സ്വാലിഹായ മക്കൾക്കുവേണ്ടി ദുആ ചെയ്യുക." (വിവാഹം നടന്നു കഴിഞ്ഞാൽ സ്വാലിഹായ മക്കൾക്കുവേണ്ടി ദുആയിരക്കുക).അവൻ മുഹ്സ്വിനീന ഗയ്റുമുസാഫിഹീന (4:25) എന്ന് തന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതുപോലെ. തഖ്വയുടേയും ദോഷങ്ങളിൽനിന്ന് അകന്നു നില്ക്കുന്നതിന്റേയും കോട്ടയ്ക്കുള്ളിൽ പ്രവേശിക്കണമെന്ന നിയ്യത്തോടുകൂടിയായിരിക്കേണ്ടതാണ് നിങ്ങളുടെ നിക്കാഹ്...... വിവാഹം കഴിക്കാത്തവൻ ആത്മീയമായ വിപത്തുകളിൽ വീഴുമെന്നു മാത്രമല്ല ശാരീരികമായ വിപത്തുകളിലും അകപ്പെടുമെന്ന ധ്വനിയും മുഹ്സ്വിനീൻ എന്ന പദംഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നത് വിവാഹംകൊണ്ടു മൂന്നു പ്രയോജനമുണ്ടെന്നാണ്. (ഈ ഉദ്ദേശ്യത്തിനായിട്ട് വിവാഹം കഴിക്കേണ്ടതാണ്). അതെന്താണ്? ഒന്ന്, ചാരിത്രശുദ്ധിയും ദോഷങ്ങളിൽനിന്ന് അകന്നു നില്ക്കലും. രണ്ട് ആരോഗ്യസംരക്ഷണം. മൂന്നു സന്താനങ്ങൾ.'(ആര്യ ധർമ് റൂഹാനീ ഖസായിൻ വാള്യം 10 പേജ് 22)

ഇക്കാര്യങ്ങൾ മുന്നിലുണ്ടെങ്കിൽ വിവാഹം ഉറപ്പിക്കുന്ന നേരത്ത് പ്രശ്നങ്ങളുണ്ടാകുകയില്ല. ഭൗതികത നോക്കുന്നതിനു പകരം മനുഷ്യൻ ആദ്യം ദീൻ നോക്കുക. പിന്നീട് ഇക്കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് വിവാഹം കഴിക്കുക.'

വിവാഹം കഴിഞ്ഞ് പെൺകുട്ടിയെ ഭർതൃഗ്രഹത്തിൽ കൊണ്ടുവന്നതിനുശേഷം ഭർത്താവിന് പ്രത്യേകം വീടില്ലാത്തകാരണത്താൽ ചില വീടുകളിൽ കലഹവും വഴക്കും ഉണ്ടാകാറുണ്ട്. അവൻ തന്റെ മാതാപിതാക്കളോടൊപ്പമായിരിക്കും താമസിക്കുന്നത്. അതിൽ ചില നിർബന്ധിതാവസ്ഥകളുണ്ടാകാറുണ്ട്. വേറെ വീട് എടുത്തു താമസിക്കാൻ ഭർത്താവിന് അത്രമാത്രം വരുമാനമുണ്ടാകുകയില്ല. അല്ലെങ്കിൽ ആൺകുട്ടി ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയായിരിക്കും. അത് നിർബന്ധിതാവസ്ഥയാണ്. ആൺകുട്ടിയുടെ വരുമാനക്കുറവും അല്ലെങ്കിൽ നിർബന്ധിതാവസ്ഥയും കാരണത്താലാണ് വേറെ മാറിതാമസിക്കാൻ കഴിയാത്തതെന്ന് പെൺകുട്ടിയും മനസ്സിലാക്കേണ്ടതാണ്. കുറച്ചുകാലം അവൾ ശ്വശുര ഗൃഹത്തിൽ കഴിയേണ്ടതാണ്. പക്ഷേ, ചിലപ്പോൾ പെൺകുട്ടിയും അവരുടെ ബന്ധുക്കളും ധിറുതികാരണത്താൽ ബന്ധംതന്നെ വിച്ഛേദിപ്പിക്കുന്നു. വിവാഹവും നടന്നു. പിന്നെ ഖുലായും വാങ്ങി. ഇത് തെറ്റായ രീതിയാണ്. ഭർതൃ ഗൃഹത്തിൽ താമസിക്കാൻ പറ്റില്ലെങ്കിൽ ആദ്യമെതന്നെ അത് പറയുക. ഇത്രമാത്രം ധിറുതിപ്പെട്ട് വിവാഹം കഴിക്കാതിരിക്കുകയും ചെയ്യുക. കാരണം ചെറുക്കന്റെ ആൾക്കാരുടെ അവസ്ഥകൾ അങ്ങനെഉള്ളതായിരിക്കുകയില്ല.

പക്ഷേ, ചില ആൺകുട്ടികൾ തങ്ങളുടെ ഉത്തരവാദിത്വമില്ലായ്മകൊണ്ടോ അല്ലെങ്കിൽ മാതാപിതാക്കൾ പറയുന്നതുകൊണ്ടോ അവരുടെ സമ്മർദത്താൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. വാസ്തവത്തിൽ വേറെ വീടെടുത്ത് താമസിക്കാൻ അവർക്ക് കഴിയുന്നതാണ്. മാതാപിതാക്കൾ വൃദ്ധരാണെന്നും അതുകൊണ്ട് അവരോടൊപ്പം താമസിക്കേണ്ടത് നിർബന്ധമാണെന്നുമാണെന്നുള്ള ഒഴികഴിവാണ് പറയുന്നത്. മറ്റു സഹോദരിസഹോദരന്മാരും അവരോടൊപ്പം കഴിയുമ്പോഴാണിത്. ഇനി അവരുടെ ആരോഗ്യമാണെങ്കിൽത്തന്നെ ഇവർ കൂടെ താമസിച്ചില്ലെങ്കിൽത്തന്നെയും ഒരു കുറവും വരാനുമില്ല. ഇതിൽ കേവലമുള്ളത് മാതാപിതാക്കളുടെ പിടിവാശിയാണ്. ഇസ്ലാം ഇതിനെക്കുറിച്ചെന്താണ് പറയുന്നത്? അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:'*ലയ്സ അലൽ അഅ്മാ ഹറജുൻ വ്വലാ അലൽ അഅ്റജി ഹറജുൻ വ്വലാ അലൽ മരീളി ഹറജുൻ വ്വലാ അലാ അൻഫുസിക്കും അൻ തഅ്കുലൂ മിൻ ബുയൂത്തിക്കും ഔ ബുയൂത്തി ആബാഇക്കും ഔ ബുയൂത്തി ഉമ്മഹാത്തിക്കും* (24:62)അന്ധനോ മുടന്തനോ രോഗിക്കോ നിങ്ങൾക്കുതന്നെയോ നിങ്ങളുടെ വീടുകളിൽനിന്നോ നിങ്ങളുടെ പിതാക്കളുടെ വീടുകളിൽനിന്നോ നിങ്ങളുടെ മാതാക്കളുടെ വീടുകളിൽനിന്നോ ഭക്ഷണം കഴിക്കുന്നതിൽ കുറ്റമൊന്നുമില്ല. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വൽ(റ)വളരെ മനോഹരമായ രീതിയിൽ ഇതിന് വിശദീകരണം നല്കുകയുണ്ടായി. പറഞ്ഞു: 'ഇന്ത്യയിലെ ആളുകൾ അധികവും തങ്ങളുടെ വീട്ടിൽ പ്രത്യേകിച്ചും അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള വഴക്ക് സംബന്ധിച്ച് പരാതിപ്പെട്ടുകൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നത് വീട് പ്രത്യേകം പ്രത്യേകം ആയിരിക്കണമെന്നാണ്. മാതാവിന്റെ വീട് വേറെയായിരിക്കണം. വിവാഹം കഴിച്ച മക്കളുടെ വീട് വേറെ വേറെയായിരിക്കണം.' (വേറെ വേറെ വീടായിരിക്കുമ്പോഴാണല്ലോ ഭക്ഷണം കഴിക്കാൻ അനുവാദമുള്ളത്). (ഹഖായിഖുൽ ഫുർഖാൻ വാള്യം 3 പേജ് 233)

അതിനാൽ നിർബന്ധിതാവസ്ഥയൊന്നുമില്ലെങ്കിൽ വീട് വേറെയായിരിക്കേണ്ടതാണ്. വീടുകൾ വേറെ വേറെ ആകുന്നതുകൊണ്ട് അമ്മായിഅമ്മയും മരുമകളും നാത്തൂനും ജ്യേഷ്ഠന്മാരുടെ ഭാര്യമാരും തമ്മിലുള്ള പ്രശ്നങ്ങൾ അവസാനിക്കുമ്പോൾ അവിടെ ആൺകുട്ടിയ്ക്കും പെൺകുട്ടിയ്ക്കും തങ്ങളുടെ ഉത്തരവാദിത്വ ബോധവുമുണ്ടാകുന്നതാണ്.

ഇവിടെ ഇതും പറയാനാഗ്രഹിക്കുകയാണ്. ചിലയാളുകൾ തങ്ങളുടെ പെൺമക്കൾക്ക് ബന്ധം എടുക്കുന്ന

തിനുമുമ്പേ ചെറുക്കനോടു ചോദിക്കാറുണ്ട്, സ്വന്തം വീട്ടിലാണോ താമസിക്കുന്നതെന്ന്. അതായത് വീടിന്റെ ഉടമസ്ഥനാണോ എന്ന്. ഇനി സ്വന്തമായി വീടില്ലെങ്കിൽ ബന്ധം എടുക്കുകയില്ല. ഈ രീതിയും വലിയ തെറ്റാണ്. അതുകൊണ്ട് ദുൻയാവിനോടുള്ള അത്യാഗ്രഹത്തിനുപകരം പെൺകുട്ടികളുടെ ആളുകൾ ആൺകുട്ടിയുടെ ദീൻ നോക്കേണ്ടതാണ്. വീടിനോടു സ്നേഹമുണ്ടെങ്കിൽ അത് മെല്ലെ മെല്ലെ ഉണ്ടായിക്കൊള്ളും.

ഇപ്രകാരംതന്നെ പഠനം പൂർത്തിയാക്കി പുറത്തുവരുന്ന നമ്മുടെ ചില മുറബ്ബിമാരുമായി, അവർ വാഖ്ഫെസിന്ദഗി ആയതുകൊണ്ട് വിവാഹബന്ധം നടത്താൻ തയ്യാറാകുന്നില്ലെന്ന പരാതിയും ചില സ്ഥലങ്ങളിൽനിന്ന്, ചില രാജ്യങ്ങളിൽനിന്ന് എനിക്കും കിട്ടാറുണ്ട്. ഇതും തെറ്റായ രീതിയാണ്. വാസ്തവത്തിൽ ദീനാണ് നോക്കേണ്ടത്.

സ്ത്രീകളുടെ കാര്യങ്ങളിൽ ധിറുതി പിടിച്ച് തീരുമാനമെടുക്കരുതെന്ന് അല്ലാഹു പുരുഷന്മാരെ ഉപദേശിക്കുന്നു. അവരോടു തെറ്റായ രീതിയിൽ പെരുമാറരുത്. അവരുടെ കാര്യങ്ങൾ മോശമായി എടുക്കരുത്. അല്ലാഹു പറയുന്നു:

*വ ആശിറൂഹുന്ന ബിൽമഅ്റൂഫി ഫഇൻ കരിഹ്ത്തുമൂഹുന്ന ഫ അസാ അൻതക്റഹൂ ശയ്അൻ വ്വയജ്അലല്ലാഹു ഫീഹി ഖയ്റൻ കഥീറാ* (4:20) അവരുമായി സൽപെരുമാറ്റത്തോടുകൂടി ജീവിക്കുക. *ഫഇൻ കരിഹ്ത്തുമൂഹുന്ന*(നിങ്ങൾ അവരെ ഇഷ്ടപ്പെടുന്നില്ലെങ്കിൽ)ഫ അസാ അൻതക്റഹൂ ശയ്അൻ നിങ്ങൾ ഒരു കാര്യം വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മ വെക്കാനും സാധ്യതയുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ) ഇതിന് വിശദീകരണം നല്കിക്കൊണ്ടു പറയുന്നു: 'പ്രിയപ്പെട്ടവരേ! നിങ്ങൾ നോക്കുക. നിങ്ങൾക്ക് നിങ്ങളുടെ ഭാര്യയുടെ ഏതെങ്കിലും കാര്യം ഇഷ്ടപ്പെട്ടില്ലെങ്കിൽത്തന്നെ നിങ്ങൾ അവരോടു നല്ലനിലയിൽ തന്നെ പെരുമാറുക. താൻ അതിൽ നന്മയും ഗുണവും ഇടുമെന്ന് അല്ലാഹു പറയുന്നു. ഒരു കാര്യം യഥാർഥത്തിൽ നല്ലതായിരിക്കുകയും നിങ്ങളതിനെ മോശമായി മനസ്സിലാക്കുകയും ചെയ്യുന്നതാകാം. ഭാര്യയെ ഉപേക്ഷിക്കാൻ ധിറുതി കാണിക്കുന്ന ഭർത്താവ് അല്ലെങ്കിൽ നല്ല രീതിയിൽ പെരുമാറാതേയോ സ്ത്രീകളുടെ വികാരങ്ങളെ ഗൗനിക്കാതേയോ സ്ത്രീകളുടെ ചിലകാര്യങ്ങൾ മോശമായികണ്ട് അവരോടു തെറ്റായി പെരുമാറുകയോ ചെയ്യുന്നെങ്കിൽ അവർക്കുള്ള ഉപദേശം സ്ത്രീകളോടു നല്ലനിലയിൽ പെരുമാറുക എന്നതാണ്.

അതിനാൽ സ്ത്രീകളോടു നല്ല രീതിയിൽ പെരുമാറാൻ അല്ലാഹു പലരീതികളിലും നിർദേശിച്ചിരിക്കുന്നു. അത് പുരുഷന്മാർ തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്.

പിന്നെ പുരുഷന്മാരുടെ രണ്ടാം വിവാഹം അല്ലെങ്കിൽ രണ്ടാം വിവാഹം കഴിക്കാനുള്ള ആഗ്രഹം കൊണ്ട് ഒരുപാട് പ്രശ്നങ്ങൾ മുമ്പിൽ വരുന്നുണ്ട്. വീടുകളിൽ കലഹവും വഴക്കും നടന്നു വരുന്നു. രണ്ടാം വിവാഹത്തിന് ഇസ്‌ലാമിൽ അനുവാദമുണ്ടെങ്കിൽ ചില നിബന്ധനകളും അനുവദനീയമായ ആവശ്യങ്ങളും മുന്നിൽവച്ചുകൊണ്ടാണതെന്ന് പുരുഷന്മാർ ഓർമവെക്കേണ്ടതാണ്. അല്ലാതെ കുട്ടികളുള്ളവർ, സന്തോഷത്തോടെ കഴിഞ്ഞുവരുന്ന കുടുംബം ഇവിടെത്തെ ചുറ്റുപാടുകൾക്ക് വിധേയരായി അല്പം ഐശ്വര്യം അല്ലാഹു ന്ലകുമ്പോൾ ആശ പൂർത്തായാക്കാൻ വേണ്ടി വിവാഹം കഴിക്കുക എന്നതല്ല. അല്ലെങ്കിൽ തെറ്റായ രീതിയിൽ സ്നേഹിച്ച് വിവാഹം കഴിക്കുക എന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി വിശദീകരിച്ച് നിർദേശങ്ങൾ നല്കിയിട്ടുണ്ട്. അത് മുന്നിൽ വെക്കേണ്ടതാണ്.

അവിടന്ന് പറഞ്ഞു:'അല്ലാഹുവിന്റെ നിയമത്തെ അവന്റെ ഉദ്ദേശ്യത്തിനു വിരുദ്ധമായി ഒരിക്കലും ഉപയോഗിക്കരുത്. ശാരീരികേച്ഛകൾക്ക് അടിമപ്പെടുംവിധം അതിൽനിന്ന് ഫലമെടുക്കുകയും അരുത്.'(നിങ്ങളുടെ ശരീരേച്ഛകളെ പൂർത്തിയാക്കുന്നതിനുവേണ്ടി നിങ്ങൾ അല്ലാഹുവിന്റെ ഈ നിയമത്തെ മറയാക്കരുത്. ഇതുണ്ടാകാൻ പാടില്ല.)"ഓർമിക്കുക! അങ്ങനെ ചെയ്യുന്നത് പാപമാകുന്നു. കാമവികാരങ്ങൾ നിങ്ങളിൽ അതിജയിക്കരുതെന്നും മറിച്ച് എല്ലാ കാര്യങ്ങളിലും നിങ്ങളുടെ ഉദ്ദേശ്യം തഖ്‌വ ആയിരിക്കണമെന്നുമാണ് അല്ലാഹു ആവർത്തിച്ചാവർത്തിച്ച് പറയുന്നത്. പറയുന്നു:'ശരീഅത്തിനെ മറയാക്കിക്കൊണ്ട് കാമവികാരത്തെ പിൻപറ്റാൻ വിവാഹങ്ങൾ കഴിക്കുകയാണെങ്കിൽ, മുസ്‌ലീംകൾക്ക് വിവാഹം കഴിക്കുകയല്ലാതെ മറ്റൊരു പണിയുമില്ലെന്ന് പറഞ്ഞ് മറ്റുള്ള ജനതകൾ ആക്ഷേപം ഉന്നയിക്കും എന്നല്ലാതെ എന്തു നേട്ടമുണ്ടാകാനാണ്."(സ്വന്തം ശരീരേച്ഛയെ, കാമത്തെ നിങ്ങൾ പരിചയാക്കി വിവാഹങ്ങൾ കഴിക്കുകയാണെങ്കിൽ അത് അനുവദനീയമല്ല. തികച്ചും തെറ്റാണ്. പുതിയബന്ധങ്ങൾ സൃഷ്ടിച്ച് തങ്ങളുടെ പഴയഭാര്യയെ ഉപേക്ഷിക്കുക എന്നത് തെറ്റാണ്. അപ്പോൾ മുസ്‌ലീംകൾക്ക് വിവാഹം കഴിക്കുക എന്ന പണിയല്ലാതെ മറ്റൊരു പണിയുമില്ലെന്ന് പറഞ്ഞ ആളുകൾ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ അത് ശരിതന്നെയായിരിക്കും.)പറഞ്ഞു:'വ്യഭിചാരത്തിന്റെ പേര് പാപമല്ല. മറിച്ച് കാമവികാരം തുറന്ന നിലയിൽ മനസ്സിൽ പതിയുക എന്നത് പാപമാണ്. ഭൗതികമായ സുഖസൗകര്യങ്ങളുടെ ഭാഗം മനുഷ്യ ജീവിതത്തിൽ വളരെ കുറവേ ഉണ്ടാകാൻ പാടുള്ളു. (അതായത് ഭൗതികമായ നേട്ടങ്ങളുടെ ഭാഗം മനുഷ്യജീവിതത്തിൽ കുറവായിരിക്കണം). "*ഫൽയള്ഹക്കൂ ഖലീലൻ വ്വൽയബ്ക്കൂ കഥീറൻ* അതായത് കുറച്ചുമാത്രം ചിരിക്കുകയും അധികമായി കരയുകയും ചെയ്യുന്നതിന്റെ പ്രതീകമാകുക. പക്ഷേ, ഏതൊരാളുടെ ഭൗതികമായ നേട്ടം അധികമായിട്ടുണ്ടോ' ആരുടെ ഭൗതികമായ ആഗ്രഹങ്ങളും നേട്ടങ്ങളും ഒരുപാടുണ്ടോ)

"രാവും പകലും ഭാര്യമാരിൽ മുഴുകിക്കൊണ്ടിരുന്നാൽ അവന് വേദനയും കരച്ചിലും എപ്പോഴുണ്ടാകാനാണ്." (ഇതേ അവസ്ഥതന്നെയാണ് മനുഷ്യൻ മുങ്ങിക്കിടക്കുന്ന മറ്റു വ്യർഥമായ കാര്യങ്ങളുടേതും).പറഞ്ഞു:'ഭൂരിഭാഗം ആളുകളുടേയും അവസ്ഥ ഇതുതന്നെയാണ്. അതായത് അവൻ ഒരു ചിന്തയെ പിന്തുണച്ചും പിന്തുടർന്നും എല്ലാ ഒരുക്കങ്ങളും നടത്തുന്നു. ഇപ്രകാരം അല്ലാഹുവിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ദൂരപ്പോയി പതിക്കുന്നു. അല്ലാഹു ചില വസ്തുക്കൾ അനുവദനീയമാക്കിയിട്ടുണ്ട്. എന്നാൽ, അതുകൊണ്ടുള്ള ഉദ്ദേശ്യം ആയുസ് മുഴുവൻ അതിൽ കഴിച്ചു കൂട്ടുക എന്നതല്ല. അല്ലാഹു തന്റെ ദാസരുടെ വിശേഷ ഗുണത്തിൽ പറയുന്നു: *യബീതൂന ലി റബ്ബിഹിം സുജ്ജദൻവ്വ ഖിയാമാ*(25:65). അവർ തങ്ങളുടെ റബ്ബിനുവേണ്ടി രാത്രി മുഴുവൻ സുജൂദിലും ഖിയാമിലും കഴിച്ചുകൂട്ടുന്നു. ഇനി നോക്കുക രാപകൽ ഭാര്യയിൽ മുങ്ങിക്കിടക്കുന്നവൻ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് രാത്രി എങ്ങനെയാണ് ആരാധനാകർമങ്ങളിൽ കഴിയുക? ആ ഭാര്യമാർ എന്താണ് ചെയ്യുന്നത്. അല്ലാഹുവിന് പങ്കുകാരെ ഉണ്ടാക്കുന്നു. നബി(സ)തിരുമേനിക്ക് 9 ഭാര്യമാരുണ്ടായിരുന്നു. ഇങ്ങനെയൊക്കെയായിട്ടും ആ മഹാത്മാവിന്റെ രാത്രി മുഴുവൻ അല്ലാഹുവിനെ ആരാധിക്കുന്നതിൽ കഴിച്ചുകൂട്ടി." പിന്നീട് അവിടന്ന് പറഞ്ഞു: 'നിങ്ങളുടെമേൽ കാമവികാരങ്ങൾ വിജയിക്കരുത് എന്നതാണ് അല്ലാഹുവിന്റെ യഥാർഥ ഉദ്ദേശ്യം. തഖ്‌വയുടെ സമ്പൂർത്തീകരണത്തിനായി സത്യമായ ആവശ്യമുണ്ടായാൽ രണ്ടാം വിവാഹം കഴിക്കുക. രണ്ടാമത് വിവാഹം കഴിക്കുന്നതും തഖ്‌വ കാരണത്താലാണ്. അതുകൊണ്ട് ഈ രണ്ടാം വിവാഹം അനുവദനീയമാണ്. ഈ അനുവദനീയമായത് എടുക്കാൻ യോഗ്യമാണ്. രണ്ടാം വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നവർ വിവാഹം കഴിക്കുന്നത് തഖ്‌വയുടെ അടിസ്ഥാനത്തിലാണോ ശാരീരികമായ വികാരങ്ങളുടെ അടിസ്ഥാനത്തിലാണോ എന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.'

വീണ്ടും അവിടന്ന് പറഞ്ഞു:'കാമവികാരങ്ങൾക്ക് വിധേയനായി കൂടുതൽ വിവാഹം കഴിക്കുന്നവൻ ഇസ്‌ലാമിൽനിന്ന് അകന്നിരിക്കുന്നവനാണെന്ന് അറിയുക. ഉദിച്ചുയരുന്ന ഓരോ ദിവസവും വരുന്ന ഓരോ രാത്രിയും അവൻ കൈപോടെ ജീവിക്കുകയും കുറച്ചു കരയുകയും അല്ലെങ്കിൽ ഒട്ടുംതന്നെ കരയാതിരിക്കുകയും കൂടുതൽ ചിരിക്കുകയുമാണെങ്കിൽ അവൻ നാശത്തിന് കുറിമാനമാണ്.' (മൽഫൂദാത്ത് വാള്യം 7 പേജ് 65-67 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് സ്ത്രീകളേയും ഉപദേശിച്ചു: 'ഭർത്താവ് അനുവദനീയമായ ആവശ്യംകൊണ്ട് വിവാഹം കഴിക്കാനാഗ്രഹിക്കുന്നെങ്കിൽ ബഹളമുണ്ടാകാതിരിക്കേണ്ടതാണ്.' പക്ഷേ, അവിടന്ന് ഇങ്ങനേയും പറഞ്ഞു, 'ഇതു നിങ്ങളുടെ അവകാശമാണ്. ദുആ ചെയ്യുക. അല്ലാഹു ഈ പ്രയാസം നിങ്ങളിൽ കൊണ്ടുവരാതിരിക്കട്ടെ.'വിവാഹം വെറും ആശ നിറവേറ്റാൻവേണ്ടിയായിരിക്കരുതെന്ന് പുരുഷന്മാരോടും അവിടന്ന് പറഞ്ഞു.

അവിടന്ന് പറയുന്നു:'നമ്മുടെ ഇക്കാലഘട്ടത്തിൽ ചില പ്രത്യേക അനാചാരങ്ങളിൽ സ്ത്രീകൾ അകപ്പെട്ടിരിക്കുന്നു. അവർ ബഹുഭാര്യത്വത്തെ അങ്ങേയറ്റം നിന്ദാ ദൃഷ്ടിയോടെയാണ് നോക്കുന്നത്; അതിൽ വിശ്വസിക്കാത്തതുപോലെ. അല്ലാഹുവിന്റെ ശരീഅത്ത് എല്ലാ തരത്തിലുള്ള ചികിത്സയും ഉൾക്കൊള്ളുന്നതാണെന്ന് അവർക്കറിയില്ല. ഇസ്‌ലാമിൽ ബഹുഭാര്യത്വത്തെ സംബന്ധിച്ച പ്രശ്നം ഇല്ലായിരുന്നെങ്കിൽ പുരുഷന്മാർക്ക് രണ്ടാംവിവാഹം കഴിക്കേണ്ട ആവശ്യമുണ്ടാകുമ്പോൾ, ആ ശരീഅത്തിൽ അതിന് ചികിത്സയൊന്നുമുണ്ടാകുമായിരുന്നില്ല. ഉദാഹരണത്തിന് ഭാര്യ ഭ്രാന്തിയാകുകയാണെങ്കിൽ അല്ലെങ്കിൽ ഭാര്യക്ക് കുഷ്ഠരോഗം ബാധിക്കുകയാണെങ്കിൽ അല്ലെങ്കിൽ ഒന്നും ചെയ്യാൻ പറ്റാത്ത നിലയിൽ നിത്യരോഗിയാകുകയാണെങ്കിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും അവസ്ഥ ഉണ്ടാകുകയാണെങ്കിൽ അത്തരം അവസ്ഥയിൽ ഭർത്താവിന് രണ്ടാം വിവാഹം കഴിക്കാൻ അനുവാദം നല്കാതിരിക്കുക എന്നത് പുരുഷന്റെ ശക്തികളോടു ചെയ്യുന്ന അക്രമമാണ്. വാസ്തവത്തിൽ അല്ലാഹുവിന്റെ ശരീഅത്ത് ഇക്കാര്യങ്ങൾ കണ്ടുകൊണ്ടാണ് പുരുഷന്മാർക്ക് വഴി തുറന്നു വച്ചിട്ടുള്ളത്. നിർബന്ധിതാവസ്ഥയിൽ സ്ത്രീകൾക്കും വഴി തുറന്നു വെച്ചിരിക്കുന്നു. പുരുഷൻ ഒന്നും ചെയ്യാൻ കഴിവില്ലാത്തവനാണെങ്കിൽ വിധികർത്താവ് മുഖേന ഖുല വാങ്ങുക. അത് ത്വലാഖിന്റെ പ്രതിനിധിയാണ്. അല്ലാഹുവിന്റെ ശരീഅത്ത് മരുന്ന് കച്ചവടക്കാരന്റെ കടപോലെയാണ്. എല്ലാ രോഗത്തിനും മരുന്നു കിട്ടാത്ത കടയാണെങ്കിൽ ആ കട മുന്നോട്ടുപോകുകയില്ല. അതുകൊണ്ട് ഇത് സത്യമല്ലേ എന്ന് ചിന്തിക്കുക. ചില ബുദ്ധിമുട്ടുകൾ പുരുഷന്മാർക്കുണ്ടാകാറുണ്ട്. അതിലവർ രണ്ടാമത്തെ നിക്കാഹിന് നിർബന്ധിതരായിത്തീരുന്നു. എല്ലാ ബുദ്ധിമുട്ടുകൾക്കും ചികിത്സ ഇല്ലെങ്കിൽ പിന്നെ ആ ശരീഅത്ത് എന്തിന് കൊള്ളാം. നോക്കൂ! ഇഞ്ചീലിൽ ത്വലാഖിന്റെ പ്രശ്നത്തെ സംബന്ധിച്ച് വ്യഭിചാരം മാത്രമാണ് നിബന്ധന. ഭാര്യാഭർത്താക്കന്മാരിൽ ശത്രുത ഉണ്ടാക്കുന്ന മറ്റുള്ള നൂറുക്കണക്കിന് കാരണങ്ങളെ കുറിച്ച് അതിൽ ഒന്നും പറയുന്നില്ല.'

സ്ത്രീകളെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു:'അല്ലയോ സ്ത്രീകളേ! ചിന്താകുലരാവേണ്ട. നിങ്ങൾക്കു കിട്ടിയ ഗ്രന്ഥം ഇഞ്ചീലിനെപോലെ മനുഷ്യ നിയന്ത്രണങ്ങൾക്ക് ആശ്രിതമല്ല. ഈ ഗ്രന്ഥത്തിൽ പുരുന്മാരുടെ അവകാശങ്ങൾ സുരക്ഷിതമായിരിക്കുന്നതുപോലെ സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷിതമാണ്. പുരുഷന്റെ ബഹുഭാര്യത്വത്തിൽ സ്ത്രീ വെറുപ്പുള്ളവളാണെങ്കിൽ അവൾക്ക് ന്യായാധിപന്മാർ മുഖേന ഖുലാ വാങ്ങാവുന്നതാണ്. ശരീഅത്ത് അപൂർണമാകാതിരിക്കാൻ മുസ്‌ലീംകൾക്കു നേരിടേണ്ടിവരുന്ന വിവിധകാര്യങ്ങളെ കുറിച്ച് പറഞ്ഞു തരേണ്ടത് ദൈവത്തിന് നിർബന്ധമായിരുന്നു. അതുകൊണ്ട് സ്ത്രീകളേ! നിങ്ങളുടെ ഭർത്താക്കന്മാർക്ക് രണ്ടാം വിവാഹം ആവശ്യമായി വരുന്ന ഘട്ടത്തിൽ അല്ലാഹുവിനെക്കുറിച്ച് പരാതിപ്പെടാതിരിക്കുവിൻ. മറിച്ച് അല്ലാഹു നിങ്ങളെ മുസ്വീബത്തിൽനിന്നും പരീക്ഷണങ്ങളിൽനിന്നും സുരക്ഷിതരാക്കി വെക്കുന്നതിനുവേണ്ടി നിങ്ങൾ ദുആ ചെയ്യുവിൻ."(ഈ ദുആ ചെയ്യാനുള്ള അനുവാദമുണ്ട്, പുരുഷൻ നിക്കാഹ് ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ ആ മുസ്വീബത്തിൽനിന്നും പരീക്ഷണത്തിൽനിന്നും സുരക്ഷിതയാക്കിവെക്കുന്നതിനും അയാൾ വിവാഹം കഴിക്കാതിരിക്കുന്നതിനും ദുആ ചെയ്യുക). രണ്ടുവിവാഹം കഴിച്ച് നീതിപൂർവം പ്രവർത്തിക്കാത്ത പുരുഷൻ കഠിനമായ അക്രമിയും ശിക്ഷാർഹനുമാണ്. എന്നാൽ, നിങ്ങൾ അല്ലാഹുവിനോടു നന്ദികേട് കാണിച്ച് ദൈവശിക്ഷയ്ക്ക് പാത്രമാകരുത്. ഓരോരുത്തരും അവരവരുടെ ജോലിയെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലവരാകുകയാണെങ്കിൽ നിങ്ങളുടെ ഭർത്താവും നല്ലവനാക്കപ്പെടുന്നതാണ്. ശരീഅത്ത് വിവിധ ഉദ്ദേശ്യങ്ങൾകൊണ്ട് ബഹുഭാര്യത്വം അനുവദനീയമാക്കിയിരിക്കുന്നു. പക്ഷേ, ദൈവനിയമം നിങ്ങൾക്ക് തുറന്നുവെച്ചിരിക്കുന്നു. ശരീഅത്തിന്റെ നിയമം നിങ്ങൾക്ക് അസഹ്യമാണെങ്കിൽ ദുആയിലൂടെ ദൈവനിയമത്തെ പ്രയോജനപ്പെടുത്തുക. കാരണം ദൈവനിയമം ശരീഅത്തു നിയമത്തിനുമേൽ വിജയം വരിക്കാറുണ്ട്. തഖ്‌വാ കൈക്കൊള്ളുക. ദുൻയാവിനേയും അതിന്റെ സൗന്ദര്യത്തേയും അധികം സ്നേഹിക്കാതിരിക്കുക."(കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാള്യം 19 പേജ് 80-81)

ദൈവത്തിന്റെ നിയമം എന്താണ്? അല്ലാഹു ആ പുരുഷന്റെ മനസ്സിൽ രണ്ടാം വിവാഹം കഴിക്കണമെന്ന വിചാരംതന്നെ എടുത്തു കളയാൻ ദുആ ചെയ്യുക;

അതിന് അനുവാദമുണ്ടെങ്കിൽത്തന്നെയും. പക്ഷേ, പറഞ്ഞു,'നിങ്ങൾ ദുആ ചെയ്യുകയാണെങ്കിൽ, മനസ്സിൽനിന്ന് പുറപ്പെടുന്നരീതിയിൽ ദുആ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടേക്കാം. നിങ്ങൾ ബുദ്ധിമുട്ടിലും വിപത്തിലും വീഴാതിരുന്നേക്കാം. വിവാഹം കഴിക്കാനുള്ള അവസരംതന്നെ ഉണ്ടാകാതിരിക്കാനും മതി.

തങ്ങളുടെ കുടുംബപ്രശ്നങ്ങൾ അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് പരിഹരിക്കുന്നവരാകാൻ അല്ലാഹു ജമാഅത്തിലെ അംഗങ്ങൾക്ക്, പുരുഷന്മാർക്കും സ്ത്രീകൾക്കും ബുദ്ധിയും തൗഫീഖും നല്കുമാറാകട്ടെ. അവർ ഭൗതികമായ ആഗ്രഹങ്ങൾക്കുപകരം ദീനിനെ മുന്തിക്കുന്നവരാകട്ടെ. അല്ലാഹുവിനോടുള്ള ഭയവും തഖ്‌വയും എപ്പോഴും അവരുടെ മുമ്പിലുണ്ടാകുമാറാകട്ടെ. ഇപ്രകാരംതന്നെ പുതിയ ബന്ധങ്ങളുടെ പ്രശ്നങ്ങളും അല്ലാഹു അകറ്റുമാറാകട്ടെ. ധാരാളം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിവാഹം കേവലം ഭൗതികമായ ഉദ്ദേശ്യങ്ങൾക്കും അല്ലെങ്കിൽ ഭൗതികമായ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനും വേണ്ടിയല്ലെന്നും മറിച്ച് ദീനിനെ മുന്തിച്ചുകൊണ്ട് വരുംതലമുറയെ ദീനിന്റെ വഴിയിൽ നടക്കുന്നവരാക്കുന്നതിനും നല്ല തലമുറകളെ വാർത്തെടുക്കുന്നതിനും വേണ്ടിയാണെന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. വരും തലമുറകൾ സുരക്ഷിതരും ഇസ്‌ലാമിന് സേവനം ചെയ്യുന്നവരുമാകട്ടെ. ഇങ്ങനെ അല്ലാഹുവിന്റെ കൃപകളുടെ അവകാശികളാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ചില ജനാസകൾ നമസ്കരിപ്പിക്കുന്നതാണ്. രണ്ടു ജനാസ ഹാജറാണ്. രണ്ടു ജനാസ ഗായിബുമാണ്.

ആദ്യത്തെ ജനാസ മുഹമ്മദ് ബഖ്ശ് മുഅ്മിൻ സാഹിബിന്റെ മകൻ വാഖ്ഫെ സിന്ദഗീ മുഹമ്മദ് നവാസ് മുഅ്മിൻ സാഹിബിന്റേതാണ്. 2017 ഫെബ്രുവരി 15 ന് 85-ാം വയസ്സിൽ ജർമനിയിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മുഅ്മിൻ ജി സാഹിബിന്റെ ജാമാതാവായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഏതാണ്ട് 1922-ൽ ഖാദിയാനിൽപോയി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു. ഇദ്ദേഹത്തിന്റെ പിതാവിന്റെ മക്കൾ ജനനസമയത്തുതന്നെ വഫാത്താകാറുണ്ടായിരുന്നു. അതുകൊണ്ട് അനഹ്മദികൾ ഇദ്ദേഹം അഹ്മദിയായതുകൊണ്ടാണ് കുട്ടികൾ പിറന്നുടനെ മരിക്കുന്നതെന്ന് കുത്തുവാക്കു പറയാറുണ്ടായിരുന്നു. അതുകൊണ്ട് ഇദ്ദേഹം ജനിച്ചപ്പോൾ തന്റെ ഈ കുട്ടി ജീവനോടെ രക്ഷപ്പെട്ടാൽ താൻ ഇസ്‌ലാമിക സേവനത്തിനായി ഇവനെ വഖ്ഫു ചെയ്യുമെന്ന് ഇദ്ദേഹത്തിന്റെ പിതാവ് അല്ലാഹുവിനോടു വാഗ്ദാനം ചെയ്തു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കുട്ടിയും ഇതിനുശേഷം മറ്റു നാലു കുട്ടികളും ജീവിച്ചിരുന്നു. ഇദ്ദേഹം ദീർഘായുസ്സ് പ്രാപിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് ഇദ്ദേഹം ജനിച്ചുടനെതന്നെ വഖ്ഫു ചെയ്തിരുന്നു. ഇദ്ദേഹം 1959-ൽ ജാമിഅ അഹ്മദിയ്യായിലെ പഠനം പൂർത്തിയാക്കി. അതിനുശേഷം ജീവിതം മുഴുവൻ ജമാഅത്തിന്റെ സേവനത്തിൽ കഴിച്ചു. റബ്‌വയിലെ അൽഫള്ൽ ഓഫീസിലും, ദാറുൽഖളായിലും വസിയ്യത്തിന്റെ ഓഫീസിലും ദീർഘ കാലം സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1996-ൽ ജർമനിയിലേക്ക് പോയി. അവിടെയും വിവിധ നിലകളിൽ ജമാഅത്തിന് സേവനം ചെയ്തു. തബ്‌ലീഗ് ചെയ്യുന്നതിൽ ഉന്മാദനായിരുന്നു. വളരെ താൽപര്യമായിരുന്നു. നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിക്കുന്നയാളും അങ്ങേയറ്റം ക്ഷമാശീലനും ശുക്ർ ചെയ്യുന്നയാളും മിതഭാഷിയും മതനിഷ്ഠയുള്ളയാളും വളരെ ആത്മാർഥനുമായ പുണ്യാത്മാവായിരുന്നു. വിശുദ്ധ ഖുർആനോടു അതിരറ്റ സ്നേഹമായിരുന്നു. അറിവ് പ്രചരിപ്പിക്കുന്നതിലും വിശുദ്ധ ഖുർആൻ നിയമങ്ങൾ പാലിച്ച് പാരായണം ചെയ്യുന്നതിലും വളരെ തൽപരനായിരുന്നു. പരേതൻ മൂസ്വിയായിരുന്നു. ദുഖാർത്തരായ കുടുംബാംഗങ്ങളിൽ ഒരു മകനും ഒരുമകളുമുണ്ട്.

രണ്ടാമത്തെ ജനാസ സർബിട്ടൺ(ടശൃയശ്ീ) ജമാഅത്തിന്റെ സ്വദ്ർ സയ്യിദ് റഫീഖ് അഹ്മദ് സഫീർ സാഹിബിന്റേതാണ്. 2017 ഫെബ്രുവരി 28 ന് 61-ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ പിതാവ് ഡോക്ർ സഫീറുദ്ദീൻ സാഹിബ് കുമാസി ഘാനയിൽ അഹ്മദിയ്യാ സെക്കന്ററി സ്കൂളിന്റെ ആദ്യത്തെ പ്രിൻസിപ്പാളായിരുന്നു. സയ്യിദ് റഫീഖ് അഹ്മദ് സാഹിബിന്റെ ജനനം ലണ്ടനിലായിരുന്നു. കുട്ടിക്കാലം മുതലേ ജമാഅത്തിന്റെ പ്രവൃത്തികളിൽ സജീവമായിരുന്നു. അത്ഫാലിന്റേയും ഖുദ്ദാമുൽ അഹ്മദിയ്യായുടേയും ഖാഇദ്, സെക്രട്ടറി അത്ഫാൽ, ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദ്, അൻസ്വാറുല്ലായുടെ മജ്‌ലിസിൽ കേന്ദ്ര തലത്തിൽ ഖാഇദ് സ്വിഹ്ഹത്തെ ജിസ്മാനിയ്ക്കു പുറമെ ഖാഇദ് ഉമൂമി എന്ന നിലയിലും സേവനമനുഷ്ഠിക്കാൻ തൗഫീഖ് കിട്ടി. വഫാത്തിനു മുമ്പേ സർബിട്ടൺ(Sirbiton) ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ ഖിദ്മത്ത് ചെയ്തു വരികയായിരുന്നു. ഖിലാഫത്തിനോടു അഗാധമായ സ്നേഹബന്ധമായിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നയാളും തഹജ്ജുദ് നമസ്ക്കരിക്കുന്നയാളും ദുആ ചെയ്യുന്നയാളും സഹവാസശീലമുള്ളയാളും സൽസ്വഭാവിയും ആത്മാർഥനുമായിരുന്നു. പരേതൻ മൂസ്വിയായിരുന്നു. കുടുംബാംഗങ്ങളിൽ മാതാവ്, ഭാര്യാമാതാവ് എന്നിവർക്കു പുറമെ ഭാര്യയും രണ്ടു പെൺമക്കളും രണ്ടു ആൺകുട്ടികളുമുണ്ട്. ഇദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: അങ്ങേയറ്റം മൃദുലസ്വഭാവിയും സൽപ്രകൃതനുമായിരുന്നു. കുട്ടികൾക്ക് വളരെ സ്നേഹത്തോടും ഉത്സാഹത്തോടും നമസ്കാരത്തെ കുറിച്ച് പറഞ്ഞുകൊടുക്കുകയും ജമാഅത്തായി നമസ്കരിപ്പിക്കുകയും ചെയ്യുമായിരുന്നു. വിവാഹം മുതൽ അവസാന നിമിഷംവരെ ജമാഅത്തിന്റെ പ്രവൃത്തികളിൽ വ്യാപൃതനായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുക, സാമ്പത്തികമായി സഹായിക്കുക എന്നതും ഇദ്ദേഹത്തിന്റെ ശീലങ്ങളിൽപ്പെട്ടതായിരുന്നു. സദ്‌വൃത്തനും ലളിതപ്രകൃതനും സൽസ്വഭാവിയുമായിരുന്നു.

അദ്ദേഹത്തിന്റെ ഹൽഖയിലെ ഖായിംമഖാം സ്വദ്ർ ജമാഅത്ത് എഴുതുന്നു: അദ്ദേഹത്തിന്റെ വളരെ നല്ലൊരു സ്വഭാവമായിരുന്നു ഓരോ ഖുത്ബ കഴിയുമ്പോഴും ഇശാ നമസ്കാരത്തിനു ശേഷം കുട്ടികളോടു അതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കുക എന്നത്. ശരിയായ മറുപടി പറയുന്ന കുട്ടിക്ക് സമ്മാനം നല്കുമായിരുന്നു. ഇതുമുഖേന കുട്ടികളിൽ ഖുത്ബ കേൾക്കാനുള്ള താൽപര്യമുണ്ടാകുമായിരുന്നു. എപ്പോഴും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള ചിന്തയായിരുന്നു. ഞാൻ ഇപ്പോൾ പറഞ്ഞ രണ്ടു ജനാസകളും ഹാജരാണ്.

രണ്ടു ജനാസ ഗാഇബാണ്. അവയിലൊരു ജനാസ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പൗത്രൻ ഡോക്ടർ ലയീഖ് അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം സാഹിബ് സാദ മിർസാ ഹഫീള് അഹ്മദ് സാഹിബിന്റെ മകനായിരുന്നു. 2017 ഫെബ്രുവരി 28 ന് മധ്യാനനേരത്ത് ഹൃദയസ്തംഭനം മൂലം ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ 68-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ മാതാവും ജീവിച്ചിരിപ്പുണ്ട്. അല്ലാഹു അവർക്കും ഈ ആഘാതം സഹിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇദ്ദേഹം FSc വരെ റബ്‌വയിൽ പഠിച്ചു. അതിനുശേഷം മുൽത്വാൻ മെഡിക്കൽ കോളേജിൽ എം ബി ബി എസ്സ് ചെയ്തു. റബ്‌വയിൽ തന്റെ പ്രാക്ടിസ് തുടർന്നു. ദരിദ്രരെ വളരെ ശ്രദ്ധിക്കുന്നയാളായിരുന്നു. ഇത് അവർ തന്നെ എഴുതിയിട്ടുണ്ട്. ആഴ്ചയിൽ ഒരു ദിവസം സാധുക്കൾക്ക് സൗജന്യ ചികിത്സ നല്കുന്നതിനും അവരെ സഹായിക്കുന്നതിനും വഖ്ഫു ചെയ്തിരുന്നു. ഇതിനുപുറമെയും ജോലിക്കാർക്കും ദരിദ്രർക്കും സൗജന്യ ചികിത്സ നല്കിപ്പോന്നു. അദ്ദേഹം ആദ്യവിവാഹം കഴിച്ചത് സയ്യിദ ഫാഇസ സാഹിബയെയായിരുന്നു. ഇതിൽ രണ്ടു ആൺമക്കളുണ്ട്. രണ്ടാമത്തെ വിവാഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ മകൾ അമത്തുശ്ശക്കൂർ സാഹിബയുമായി നടന്നു. അല്ലാഹു പരേതനോടു മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ ഗാഇബ് യു എസ് എ യിലെ മുൻ മിഷണറി അമീനുല്ലാഹ് ഖാൻ സാഹിബ് സാലിക്കിന്റേതാണ്. ഇദ്ദേഹം 2017 ഫെബ്രുവരി 28 ന് ചൊവ്വാഴ്ച രാത്രി അമേരിക്കയിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതന് അമേരിക്ക, ലൈബീരിയ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ മിഷണറി എന്ന നിലയിൽ പ്രവർത്തിക്കാൻ സൗഭാഗ്യം ലഭിച്ചു. 1936-ൽ ദേറോവാളിലെ അബ്ദുൽ മജീദ് ഖാൻ സാഹിബിന്റെ വീട്ടിൽ ഇദ്ദേഹം ജനിച്ചു. ജമാഅത്തിന്റെ സേവനത്തിനായി ഇദ്ദേഹത്തെ കുട്ടിക്കാലത്തുതന്നെ മാതാപിതാക്കൾ വഖ്ഫ് ചെയ്തിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹിന്റെ ആഹ്വാനമനുസരിച്ചാണ് അദ്ദേഹം തന്റെ മകനെ വഖ്ഫ് ചെയ്തത്. പരേതന്റെ മാതാവ് ഇതിൽ ഏറെ സന്തോഷിച്ചിരുന്നു. അവർ പറയുന്നു:'അവരുടെ ഭർത്താവ് അതായത് അബ്ദുൽ മജീദ് ഖാൻ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ആഹ്വാനമനുസരിച്ച് തന്റെ മകനെ വഖ്ഫ് ചെയ്തു. ഖാദിയാനിൽനിന്ന് തിരിച്ചു വന്നപ്പോൾ അദ്ദേഹം പറഞ്ഞു,'ഞാൻ നിന്റെ മകനേയും വഖ്ഫ് ചെയ്തിരിക്കുന്നു. ആദ്യ ഭാര്യയിലെ മകനായ ഡോക്ടർ നസീർ ഖാൻ സാഹിബിനെ വഖ്ഫു ചെയ്തു, എന്റെ മകനെ വഖ്ഫ് ചെയ്തില്ല എന്ന പരാതി നിനക്കുണ്ടാകാതിരിക്കാനാണ് ഞാൻ വഖ്ഫ് ചെയ്തത്.' പിന്നീട് നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ 1945-ൽ ഇദ്ദേഹം സ്വയം വഖ്ഫു ചെയ്തുകൊണ്ടുള്ള അപേക്ഷ നല്കി. 1949-ൽ മിഡിൽ വിദ്യാഭ്യാസം കഴിഞ്ഞ് ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടി. 1955-ൽ മൗലവി ഫാളിൽ പരീക്ഷ പാസായി. 1957-ൽ എഫ് എ യും 1958-ൽ ശാഹിദും 1959-ൽ ബി എ യും പാസായി. 1958-ലാണ് ഇദ്ദേഹത്തിന്റെ നിയമനമുണ്ടായത്. പിന്നീട് 1960 ഫെബ്രുവരി 29 മുതൽ 1963 ഏപ്രി ൽവരെ അമേരിക്കയിൽ മുബല്ലിഗ് എന്ന നിലയിൽ പ്രവർത്തിക്കാൻ ഇദ്ദേഹത്തിന് തൗഫീഖ് കിട്ടി. 1966 നു ശേഷം കുറച്ചുകാലം താൽക്കാലികമായി അമാനത്ത് ഓഫീസിൽ ജോലി ചെയ്തു. 1969 മുതൽ 1971 വരെ ലൈബീരിയ്യായിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഇദ്ദേഹത്തിന് 23 വയസ്സായിരുന്നപ്പോൾ അമേരിക്കയിൽ ഇദ്ദേഹത്തിന്റെ ആദ്യ നി യമനം 1960-ൽ നടന്നിരുന്നു. വളരെ ആവേശമുള്ള മുബല്ലിഗായിരുന്നു. പത്രങ്ങളിലൂടേയും റേഡിയോവിലൂടേയും തബ്‌ലീഗിനുള്ള അവസരങ്ങൾ കണ്ടെത്തിയിരുന്നു. ലൈബീരിയായിൽ സേവനം ചെയ്തുകൊണ്ടിരിക്കെ അവിടത്തെ പ്രസിഡന്റ് തുബ്മൻ (Tubman) ഇദ്ദേഹത്തെ മാസന്തോറുമുള്ള യോഗങ്ങളിൽ ക്ഷണിക്കുമായിരുന്നു. ഇദ്ദേഹത്തെക്കൊണ്ട് ദുആ ചെയ്യിക്കുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ലൈബീരിയ്യായിൽ പര്യടനം നടത്തിയപ്പോൾ പ്രസിഡന്റ് തുബ്മൻ ഹുദൂറിനെ ആദരിച്ചുകൊണ്ട് ഒരു ഡിന്നർ നല്കിയിരുന്നു. അമീനുല്ലാഹ് ഖാനെ കുറിച്ച് പ്രസിഡന്റ് തുബ്മൻ He is very forcefull എന്ന് പറഞ്ഞു. അപ്പോൾ ഹുദൂർ(റഹ്) അതിനു മറുപടിയായി He is forcefull without choosing any force എന്ന് പറയുകയുണ്ടായി. അമീനുല്ലാഹ് ഖാന്റെ നിയമനം ഇംഗ്ലണ്ടിലും ഉണ്ടായിട്ടുണ്ട്. അവിടെ 1970 വരെ ജോലിചെയ്തു. പിന്നീട് ആരോഗ്യം മോശമായ കാരണത്താൽ റിട്ടയേർഡ്മെന്റായി. ഇഖ്ബാൽ ശാഹ് സാഹിബിന്റെ മകൾ ബുശ്റ സാഹിബയുമായാണ് ഇദ്ദേഹത്തിന്റെ വിവാഹം നടന്നത്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഡോക്ടർ വിലായത്ത് ഖാൻ സാഹിബിന്റെ പൗത്രിയാണ്. ഇദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ ഭാര്യ ആപാ ത്വാഹിറ സിദ്ദീഖ സാഹിബയുടെ മൂത്ത സഹോദരനായിരുന്നു. ഇദ്ദേഹത്തിന് ഒരു മകനും ഒരു മകളുമുണ്ട്. അല്ലാഹു പരേതന്റെമേൽ കാരുണ്യം ചൊരിയുമാറാകട്ടെ. ഇവരെല്ലാവരോടും മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ പറഞ്ഞതുപോലെ ഇവരുടെ ജനാസകൾ നമസ്കരിപ്പിക്കുന്നതാണ്.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 6 April 2017 Issue-14

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# കനേഡിയൻ പാർലമെന്റിൽ അമീറുൽമുഅ്മിനീന്റെ ആഗമനം. പാർലമെന്റംഗങ്ങൾ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണം നല്കി.

**ജമാഅത്ത് ലോകത്ത് സമാധാന സംസ്ഥാപനത്തിനും മാനുഷികമായ മൂല്യങ്ങൾ നിലനിർത്തുന്നതിനുംവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ അങ്ങേയറ്റം സ്വീകാരാർഹമാണ്. താങ്കൾ സമൂഹത്തിന്റെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളിൽ താങ്കളുടെ പങ്കുവഹിക്കുന്നത് വളരെ മഹത്തരമാണ്. (പാർലമെന്റംഗം ഓണറബിൾ ഇന്റർവെൽസലി(ചീഫ് ഗവർമ്മെന്റ് വിപ്പ്)**

2016 ഒക്ടോബർ 18ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം അടുത്ത ലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്.

**(ഭാഗം 1)**

ദൈവികജമാഅത്തുകളുടെ ചരിത്രത്തിൽ ചില ദിനങ്ങൾ വരാറുണ്ട്. അത് അതിന്റെ പ്രത്യേകതകൾ കാരണത്താൽ അസാധാരണമായ പ്രാധാന്യം ഉൾക്കൊള്ളുന്നവയായിരിക്കും. അത് വരാൻപോകുന്ന വിപ്ലവത്തിന്റെ നാഴികക്കല്ലായിത്തീരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വിജയകരമായ ചരിത്രത്തിൽ മുമ്പേയും ഇത്തരം ദിനങ്ങൾ വന്നിട്ടുണ്ട്. അത് അഹ്മദിയ്യത്തിന്റെ ചക്രവാളത്തിൽ തെളിമയാർന്ന അടയാളങ്ങൾ പോലെ വിളങ്ങുകയുണ്ടായി. ഇന്നും അത്തരം ഒരു ദിവസമാണ് വന്നത്. അതും ഇൻശാഅല്ലാഹ് കനഡായിലെ മണ്ണിൽ, വരുംദിനങ്ങളിൽ മഹത്തായ വിപ്ലവങ്ങളുടേയും വിജയങ്ങളുടേയും മുന്നോടിയായി സ്ഥാപിതമാകുന്നതും അഹ് മദിയ്യാ ജമാഅത്തിന് വിജയങ്ങളുടെ പുതിയ കവാടം തുറക്കുന്നതുമായിരിക്കും. ഇന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീനെ ആദരിക്കുന്നതിനുവേണ്ടി വളരെ സുപ്രധാനമായൊരു പരിപാടി കനേഡിയൻ പാർലിമെന്റ് ഹില്ലിലെ(Canadian Parliament Hill) സർ ജോൺ മക്ഡോ നാൾഡ് ഹാളിൽ (Sir John Macdonald Hall)സംവിധാനം ചെയ്യപ്പെട്ടിരുന്നു.

കനേഡിയൻ പാർലമെന്റ് ഹില്ലിന്റെ നിർമാണം 1859 മുതൽ 1866 വരെയുള്ള കാലയളവിലാണ് പൂർത്തിയായത്. 1916 ഫെബ്രുവരി 3ന് കനഡാ പാർലമെന്റിന്റെ കെട്ടിടമായ കോമൺസ് റീഡിംഗ്സ് റൂമിന് (Commons Reading Room)തീ പിടിച്ചു. അത് ഏകദേശം കെട്ടിടത്തെ മുഴുവൻ കത്തിച്ച് ചാമ്പലാക്കിയിരുന്നു. വെറും ലൈബ്രറിയും കെട്ടിടത്തിന്റെ നോർത്ത് വെസ്റ്റ് വിംഗും(Room Northwest wing) മാത്രമാണ് സുരക്ഷിതമായി നിന്നത്. 1922ൽ പാർലമെന്റിന്റെ കെട്ടിടം വീണ്ടും നിർമിക്കപ്പെട്ടു. 92.2 മീറ്റർ ഉയരവും ഒരു ടവറും (Tower)നിർമിക്കുകയുണ്ടായി. അത് 1927ൽ പൂർത്തിയായി. കനഡയിലെ ഈ പാർലമെന്റ് ബിൽഡിംഗ് ‘പാർലമെന്റ്ഹിൽ’(Parliament Hill) എന്നാണ് പറയപ്പെടുന്നത്. ഇന്ന് അതേ പാർലമെന്റിൽ അമീറുൽ മുഅ്മിനീൻ ഭരണകർത്താക്കൾ പങ്കെടുക്കുന്ന വിവിധ മീറ്റിംഗുകളിലും തന്റെ ചരിത്രപ്രധാനമായ പ്രഭാഷണം നടത്തുന്നതിനും വേണ്ടി പോകുകയായിരുന്നു. രാവിലെ 10.15ന് അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽ വരികയും പാർലമെന്റ് ഹില്ലിലേക്ക് യാത്രപോകുകയും ചെയ്തു. അദ്ദേഹവും സംഘവും 10.50ന് പാർലമെന്റ് ഹില്ലിൽ എത്തി.

പാർലമെന്റിലെ ഏത് കെട്ടിടത്തിൽ പോകണമെങ്കിലും തുടരെത്തുടരെയുള്ള സെക്യൂരിറ്റിയുടെ ചെക്കിംഗിലൂടെ മാത്രമേ കടന്നുപോകാൻ സാധിക്കുകയുള്ളു. ഓരോ ചുവടിലും സെക്യൂരിറ്റി സ്റ്റാഫ് ചെക്കിംഗിനുണ്ടാകും. പക്ഷേ, അമീറുൽ മുഅ്മിനീനെ ആദ്യമേ തന്നെ ഇതിൽനിന്ന് ഒഴിവാക്കിയിരുന്നു. പാർലമെന്റ് ഹില്ലിൽ എത്തിയതിനുശേഷം അമീറുൽ മുഅ്മിനീന്റെ കാർ പാർലമെന്റ് ബിൽഡിംഗിന്റെ പ്രധാനകവാടത്തിൽ നിറുത്തി. കാറിൽനിന്ന് ഇറങ്ങിയ ഉടനെതന്നെ പാർലമെന്റംഗങ്ങളായ ജൂഡി സഗ്രോ(Judy Sgro), കമൽ ഖേര (Kamal Khera), രമേശ് സംഗന(Ramesh sangana), ദബോറ ഷുൽട്ട് (Deborah Schult)എന്നിവർ ഹാർദമായി അമീറുൽ മുഅ്മിനീനെ സ്വാഗതം ചെയ്തു. പാർലമെന്റ് ഹൗസിന്റെ വെളിയിൽ ജമാഅത്തംഗങ്ങളായ സ്ത്രീകളും പുരുഷന്മാരും അമീറുൽ മുഅ്മിനീൻ എത്തുന്നിതിന് മുമ്പേ നിലയുറപ്പിച്ചിരുന്നു. അവരെല്ലാവരും അങ്ങേയറ്റം ആവേശത്തോടെ തക്ബീർ ധ്വനികൾ മുഴക്കി. വിശ്വാസവികാരത്താൽ നിർഭരമായിരുന്നു അവരുടെ എല്ലാവരുടേയും ശബ്ദം. അവരുടെ ഹൃദയം അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം അപ്പോൾ വളരെ പ്രൗഢിയോടുകൂടി പുലരുകയായിരുന്നു. (എല്ലാ ഓരോ ജനതയും ഈ നീരുറവിൽനിന്ന് പാനം ചെയ്യുമെന്നും ഈ ജമാഅത്ത് ശക്തമായി വളരുകയും പുഷ്പിക്കുകയും ചെയ്യുമെന്നും ലോകം മുഴുവൻ അത് വലയം ചെയ്യപ്പെടുമെന്നും അതിനാൽ അല്ലയോ ശ്രോതാക്കളേ ഈ കാര്യങ്ങൾ ഓർമ്മവെച്ചുകൊള്ളുകയെന്നും ഈ സുവാർത്തകളെ നിങ്ങൾ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കിവെക്കുകയെന്നും ഇത് ഒരു നാൾ പുലരുന്ന ദൈവത്തിന്റെ വചനമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു). ഇന്ന് ആ ദിവസം വന്നെത്തിയിരിക്കുന്നു. കനേഡിയൻ ജനതയും ഈ നീരുറവിൽനിന്ന് വയറുനിറയെ കുടിച്ചുകൊണ്ടിരിക്കുന്നു. അമീറുൽ മുഅ്മിനീൻ അതിനുശേഷം പാർലമെന്റിന്റെ ഉള്ളിൽ പോയി. പാർലമെന്റംഗം ജൂഡി സഗ്രോ അമീറുൽ മുഅ്മിനീനെ പാർലമെന്റിന്റെ ചില ഭാഗങ്ങൾ കാണിച്ചു. ലൈബ്രറിയും വിസിറ്റ് ചെയ്യിച്ചു. അതിനുശേഷം അമീറുൽ മുഅ്മിനീൻ പാർലമെന്റിന്റെ ആറാമത്തെ നിലയിൽ സ്പൗസൽ ലോഞ്ചി(spousal lounge)ലേക്ക് പോയി. അമീറുൽ മുഅ്മിനീനെ സ്വാഗതം ചെയ്ത നാല് പാർലമെന്റംഗങ്ങളും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

ഈ അവസരത്തിൽ ജോഡി സഗ്രോ സാഹിബ അമീറുൽ മുഅ്മിനീന്റെ സന്നിധിയിൽ പരിപാടികൾ സമർപ്പിച്ചുകൊണ്ടു പറഞ്ഞു: ‘ഇവിടെ, ഈ ലോഞ്ചിൽ ചില മന്ത്രിമാരും ചില പാർലമെന്റംഗങ്ങളും സെനറ്റർമാരും അങ്ങയോടൊപ്പം മീറ്റിംഗുകളും കൂടിക്കാഴ്ചകളും നടത്തുന്നതാണ്. അതിനുശേഷം അമീറുൽ മുഅ്മിനീൻ താഴെ ഒരു ഹാളിലേക്ക് പോകുന്നതാണ്. അവിടെ റഫ്രഷ്മെന്റിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ധാരാളം പാർലമെന്റംഗങ്ങൾ അവിടെ അമീറുൽ മുഅമിനീനുമായി കൂടിക്കാഴ്ച നടത്തുന്നതാണ്. നമസ്കരിക്കാനുള്ള ഏർപ്പാടും അതേ ഹാളിന്റെ ഒരുഭാഗത്ത് ചെയ്തിട്ടുണ്ട്. പിന്നീട് ലോഞ്ചിന്റെ ഇടവേളയ്ക്കുശേഷം കൂടുതൽ അംഗങ്ങൾ ലോഞ്ചിൽ വന്ന് അമീറുൽ മുഅമിനീനുമായി കൂടിക്കാഴ്ച നടത്തുന്നതായിരിക്കും. പ്രധാനമന്ത്രിയും അമീറുൽ മുഅമിനീനുമായി കൂടിക്കാഴ്ച നടത്തുന്നതായിരിക്കും. ഇതിന്നിടയിൽ കൽഗരി സന്ദർശന പരിപാടി ഉണ്ടായിരിക്കും. അവിടെ അമീറുൽ മുഅ്മിനീനെ സ്പീക്കറും പാർലമെന്റംഗങ്ങളും സ്വീകരിക്കുന്നതാണ്. അത് കഴിഞ്ഞ് വൈകുന്നേരം അമീറുൽ മുഅ്മിനീന്റെ പ്രഭാഷണത്തിനുള്ള പരിപാടികൾ നടക്കുന്നതായിരിക്കും.

അങ്ങനെ 11 മണിയോടെ കൂടിക്കാഴ്ചയുടെ ഈ പരിപാടി ആരംഭിച്ചു. ഏറ്റവും ആദ്യം പാർലമെന്റംഗം ഓണറബിൾ ഇന്റർവെൽസലി (ചീഫ് ഗവർമ്മെന്റ് വിപ്പ്) അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്താനെത്തി. അദ്ദേഹം പറഞ്ഞു: ‘ഞാൻ ആർമിയിൽനിന്ന് റിട്ടയർഡ് ചെയ്തയാളാണ്. ഇപ്പോൾ പാർലമെന്റംഗമാണ്. ചീഫ് വിപ്പുമാണ്. എന്റെ പ്രദേശം ഒട്ടാവതന്നെയാണ്. ഞാൻ ഇവിടെനിന്ന് തിരഞ്ഞെടുക്കപ്പെട്ടതാണ്.’ അദ്ദേഹം പറഞ്ഞു: ‘ഒട്ടാവായിലും അങ്ങയുടെ കമ്മ്യൂണിറ്റിയുണ്ട്. ഇപ്രാവശ്യം ടൊറൊണ്ടോവിൽ ആദ്യമായി നിങ്ങളുടെ ജൽസ സാലാനയിൽ ഞാൻ പങ്കെടുത്തു. എന്നെ സംബന്ധിച്ചിടത്തോളം ഇത് അത്ഭുതകരമായ അനുഭവമായിരുന്നു. അത് വളരെ ഓർഗനൈസ്ഡും പൂർണമായ ഒരുക്കങ്ങളോടുകൂടിയതുമായിരുന്നു. ജൽസാ ഗാഹിനു വെളിയിൽ പോലീസിന്റെ നിയന്ത്രണത്തിൽ പാർക്കിംഗുണ്ടായിരുന്നു. അവിടെ അത്ര നല്ല ഓർഗനൈസേഷൻ ഉണ്ടായിരുന്നില്ല. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു. ഞങ്ങളുടെ ഡിസിപ്ലീൻ ആർമിയുടെ ഡിസിപ്ലീനെക്കാൾ ഉത്തമമാണ്.

പാർലമെന്റംഗം പറഞ്ഞു: ‘ജമാഅത്ത് ലോകത്ത് സമാധാന സംസ്ഥാപനത്തിനും മാനുഷികമായ മൂല്യങ്ങൾ നിലനിർത്തുന്നതിനുംവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ അങ്ങേയറ്റം സ്വീകാരാർഹമാണ്. താങ്കൾ സമൂഹത്തിന്റെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളിൽ താങ്കളുടെ പങ്കുവഹിക്കുന്നത് വളരെ മഹത്തരമാണ്.’ അദ്ദേഹം പറഞ്ഞു: ‘ഇന്ന് ഞാൻ ഹുദൂറിനെ കണ്ടതുതന്നെ എനിക്കുള്ള ബഹുമതിയാണ്.’

പാർലമെന്റംഗം ജോഡി സഗ്രോയും ഈ മീറ്റിംഗിലുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജമാഅത്തുമായി വളരെ പഴയ ബന്ധമാണ് ജോഡി സാഹിബായ്ക്കുള്ളത്. ഇപ്പോൾ അവർ ഞങ്ങളുടെ വ്യക്തിപരമായ സുഹൃത്തായി കഴിഞ്ഞിരിക്കുന്നു’ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ‘ഞാൻ ആദ്യം കനഡയിൽ വന്നപ്പോൾ എന്നെ സ്വീകരിക്കുന്നവരിൽ ഇവരുമുണ്ടായിരുന്നു.’

പാർലമെന്റംഗം ജോഡി പറഞ്ഞു: ‘അമീറുൽ മുഅ്മിനീൻ സ്വിസ്കാടോണിലും പര്യടനം നടത്തുന്നുണ്ട്. ഞാൻ ആഗ്രഹിക്കുന്നത് അങ്ങ് ബ്രംട്ടനിലും പര്യടനം നടത്തണമെന്നാണ്. അവിടേയും അങ്ങ് വരിക. അപ്പോൾ കനഡ അമീർ സാഹിബ് പറഞ്ഞു: ‘ബ്രംട്ടണിന് മുമ്പേ സ്വിസ്കാടോണിലെ മസ്ജിദിന്റെ നിർമാണം പൂർത്തിയാകും.’ അപ്പോൾ ജോഡി സാഹിബ പറഞ്ഞു: ‘അതിന്റെ ഉദ്ദേശ്യം അമീറുൽ മുഅ്മിനീന് തുടരെത്തുടരെ കാനഡയിൽ വരേണ്ടിവരുമെന്നാണ്.’

ജോഡി സാഹിബ അമീറുൽ മുഅ്മിനീനോട് പറഞ്ഞു: ഇന്ന് ഞാൻ പാർലമെന്റിന് വെളിയിൽ ഒരു സ്ത്രീയെ കണ്ടു. അവർ കനഡയിൽ വന്നിട്ട് വെറും നാല് മാസമേയായിട്ടുള്ളൂ. അവർ എത്രമാത്രം വികാരഭരിതയായിരുന്നെന്നാൽ ഇന്ന് അമീറുൽ മുഅ്മിനീൻ വരുന്നുണ്ട്, ഞാൻ എന്റെ ജീവിതത്തിൽ അമീറുൽ മുഅ്മിനീനെ ആദ്യമായി ദർശിക്കുന്നതായിരിക്കുമെന്ന് പറഞ്ഞുകൊണ്ടിരുന്നു. അവർ വളരെ വികാരഭരിതയായിരുന്നു. അവരെ കണ്ട് ഞാനും വികാരഭരിതയായി.’ അമീറുൽ മുഅ്മിനീനുമായുള്ള പാർലമെന്റംഗം ഇന്റർവെൽസലി യുടെ ഈ കൂടിക്കാഴ്ച 11 മണി 10 മിനുട്ട് വരെ നീണ്ടുനിന്നു. (തുടരും)

2016 ഡിസംബർ 8 ബദ്ർ.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin